# ആത്മകഥയിലെ 'ക്വീർ' ആഖ്യാനം - 'മല്ലികാവസന്ത'ത്തെ മുൻനിർത്തി ഒരു പഠനം.

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം) മലയാളം ബിരുദാനന്തര
ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**ആതിര പി. എസ്.**
**രജിസ്റ്റർ നമ്പർ : SM21MAL003**


**ST. TERESA'S COLLEGE**
**(AUTONOMOUS)**
**ESTD 1925**

**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# ആത്മകഥയിലെ 'ക്വീർ' ആഖ്യാനം -

# 'മല്ലികാവസന്ത'ത്തെ മുൻനിർത്തി ഒരു പഠനം.

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം) മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം

**ആതിര പി. എസ്.**

രജിസ്റ്റർ നമ്പർ : SM21MAL003

**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലന്ന് സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം **ആതിര പി. എസ്.**

02.08.2023 രണ്ടാംവർഷ മലയാളം ബിരുദാനന്തരബിരുദം

# സാക്ഷ്യപത്രം

**ഡോ. ഷഹർബാൻ യു. എച്ച്.**

അസിസ്റ്റന്റ് പ്രൊഫസർ

മലയാള വിഭാഗം

സെൻ തെരേസാസ് കോളേജ്, എറണാകുളം

സെന്റ്. തെരേസാസ് കോളേജ്(സ്വയംഭരണം) മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി ആതിര പി. എസ് സമർപ്പിക്കുന്ന 'ആത്മകഥയിലെ 'കദീർ' ആഖ്യാനം- 'മല്ലികാവസന്ത'ത്തെ മുൻ നിർത്തി ഒരു പഠനം' എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്നും ഇതു പൂർണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം

02.08.2023

**ഡോ. ഷഹബാൻ യു.എച്ച്.**

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദ്ദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അദ്ധ്യാപിക ഡോ. ഷഹർബാൻ യു.എച്ചിനും, പ്രബന്ധരചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറി ഉദ്യോഗസ്ഥർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

02.08.2023 **ആതിര പി. എസ്**

എറണാകുളം രണ്ടാംവർഷ മലയാളം ബിരുദാനന്തരബിരുദം

## ഉള്ളടക്കം


**ആമുഖം** : I-IV

പഠനലക്ഷ്യം

പഠനത്തിന്റെ പ്രസക്തി

പരികല്പന

പഠനമേഖല

പഠനരീതി

പ്രബന്ധസ്വരൂപം

**അദ്ധ്യായം ഒന്ന്** : 1-12

**ലിംഗഭേദവും ആത്മകഥാഖ്യാനവും**

1.1. ലിംഗം

1.2. ലിംഗഭേദം മലയാളത്തിൽ

1.3. അപരലിംഗം

1.4. ചരിത്രം

1.5. ക്വീർ

1.6. കല

1.7. സാഹിത്യം

1.8. ക്വീർ സിദ്ധാന്തം

1.9. ആത്മകഥ

1.10.ആത്മകഥ : വിഭാഗങ്ങൾ

1.11. ആത്മകഥ ഇന്ന്

**അദ്ധ്യായം രണ്ട്** : 13-32

**'മല്ലികാവസന്തം': സ്വത്വവും ആഖ്യാനവും**

2.1. കുട്ടിക്കാലം

2.2. പ്രണയം

2.3. കാമനകൾ

2.4. വിവാഹം

2.5. സർഗാത്മകജീവിതം

2.6. ദ്വന്ദ്വവ്യക്തിത്വം

2.7. കവിതാപഠനം

2.8. സാമൂഹിക സാംസ്കാരികജീവിതം

2.9. ആത്മസംഘർഷം

2.10. ട്രാൻസ് ജീവിതാഖ്യാനം

2.11. ഔദ്യോഗികജീവിതം

**ഉപസംഹാരം** : 33-34

**ഗ്രന്ഥസൂചി** : 35-36

# ആമുഖം

# ആമുഖം

ഒരു പ്രത്യേക ലിംഗവുമായി ബന്ധപ്പെട്ട ഒരു കൂട്ടം സ്വഭാവസവിശേഷത കളെയാണ് ലിംഗഭേദം അഥവാ ജെൻഡർ എന്നു പറയുന്നത്. സ്ത്രൈണതയെന്നും പൗരുഷമെന്നും ട്രാൻസ്ജെൻഡർ എന്നും വേർതിരിക്കപ്പെട്ടിരിക്കുന്ന ഈ സ്വഭാവ സവിശേഷതകൾ ജൈവികം കൂടിയാണ്. അടിസ്ഥാനപരമായി തന്റെ ജെൻഡർ എന്താണെന്ന് തീരുമാനിക്കേണ്ടത് വ്യക്തിതന്നെയാണ്. ഇവിടെ സാമൂഹിക ഘടകങ്ങൾ മാത്രമല്ല ജനിതകമായ സവിശേഷതയും മാനസികമായബോധ്യവും സ്വാധീനം ചെലു ത്താറുണ്ട്. സമൂഹം ഓരോ ജെൻഡറുകൾക്കും കല്പിച്ചു കൊടുത്ത ധർമങ്ങളും കടമ കളും വിലക്കുകളും (Gender roles and norms) തന്നെയാണ് പൊതുവേ അസമത്വത്തിന്റെ അടിസ്ഥാനം. ലിംഗ,ലൈംഗിക ന്യൂനപക്ഷങ്ങൾ (LGBTIAQ+) പലപ്പോഴും മുഖ്യധാര യിൽ നിന്നും അകറ്റിനിർത്തപ്പെടുന്നു. ട്രാൻസ്ജെൻഡർ വിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങളെ സാഹിത്യത്തിൽ അധികം ചർച്ചചെയ്തു കണ്ടിട്ടില്ല.അവരുടെ വികാരവി ചാരങ്ങളെയും സമൂഹത്തിൽ അവരുടെ സ്ഥാനത്തെപറ്റിയും ചർച്ച ചെയ്യുന്ന പ്രബ ന്ധമാണിത്. ഇത്തരത്തിൽ ട്രാൻസ്ജെൻഡർ വിജയരാജമല്ലികയുടെ ആത്മകഥയിലെ ജീവിതവും എഴുത്തുമാണ് പ്രബന്ധത്തിലൂടെ വിശകലനവിധേയമാക്കുന്നത്. ട്രാൻസ്ജ ൻഡർ എന്ന വാക്കിന്റെ ഉചിതമായ അർഥം അപരലിംഗം എന്ന പ്രയോഗത്തിന് ലഭിക്കാ ത്തതുകൊണ്ട് ട്രാൻസ്ജൻഡർ എന്നുതന്നെ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നു.

ഒരു വ്യക്തി സ്വന്തം ജീവിതാനുഭവങ്ങൾ വിവരിച്ചെഴുതുന്ന കൃതിയാണ് ആത്മ കഥ. ആത്മകഥകളെ അവയുടെ ആന്തരികഭാവമനുസരിച്ചും ഉള്ളടക്കത്തിന്റെ സ്വഭാവമ നുസരിച്ചും തരം തിരിക്കാറുണ്ട്.സംഭവാഖ്യാനപരമായ അവതരണരീതിയാണ് വിജയ രാജമല്ലികയുടെ 'മല്ലികാവസന്തം' എന്ന ആത്മകഥ സ്വീകരിച്ചിരിക്കുന്നത്.'ക്വീർ' ആത്മ കഥയായത്തിനാൽ തന്നെ ഒരു ജനകീയ പ്രാധാന്യം ഈ കൃതിക്ക് ലഭിച്ചിട്ടുണ്ട്. ഇനിയും പഠന വിഷയമാകുന്ന ഒരു മേഖല തന്നെയാണിത്. 'ക്വീർ' വ്യക്തികളുടെ ജീവിത ത്തിലേക്ക് ഒളിഞ്ഞും മറഞ്ഞുമുള്ള നോട്ടങ്ങളും, അവരുടെ സ്വകാര്യതയിലേക്ക് ഉറ്റുനോക്കുന്ന സമൂഹത്തിന്റെ സദാചാരബോധവും നിലനിൽക്കുന്നിടത്തോളം തുറന്നെഴുത്തുകൾ ഉണ്ടായിക്കൊണ്ടേയിരിക്കും.

നിരവധി ആത്മകഥകൾ സാഹിത്യത്തിൽ ഉണ്ടെങ്കിലും അതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ആത്മകഥ തന്നെയാണ് വിജയരാജമല്ലികയുടേത്. ഭൂത കാലങ്ങളിൽ തുടങ്ങി വർത്തമാനകാലത്തിലേക്ക് സഞ്ചരിച്ചാണ് ആത്മകഥാഖ്യാനം

മുന്നോട്ടുപോകുന്നത്. എഴുത്തുകാരിയുടെ ജീവിതത്തിലെ വൈകാരികപരവും സാമൂഹികപരവുമായ കാര്യങ്ങളെ കുമ്പസാരപരവും സംഭവാഖ്യാനപരവുമായി കൃതിയിൽ ആവിഷ്കരിക്കുന്നു.സ്വന്തം നേട്ടത്തിലുള്ള അഭിമാനം മറ്റുള്ളവരെ അറിയിക്കാനും താൻ നേരിട്ട പീഡനങ്ങളും അടിച്ചമർത്തലുകളും മറ്റുള്ളവരെ ബോധ്യപ്പെടുത്താനുമുള്ള ശ്രമം മല്ലികാവസന്തത്തിൽ കാണാം.ട്രാൻസ് ജീവിതം നയിക്കുന്നതിന് മുൻപ് താനാരായിരുന്നു എന്നും യഥാർത്ഥ പേരും മറ്റു വിവരങ്ങളും തുറന്നുപറയുകയും ചെയ്യുന്നതോടൊപ്പം പഴയകാല ചിത്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുമാണ് വിജയരാജമല്ലിക ആത്മകഥ രചിച്ചിരിക്കുന്നത്.തന്റെ ഇന്നലകളെ മറന്നുകൊണ്ടല്ല അവയെ ചേർത്തുപിടിച്ചു നല്ലൊരു നാളെക്കായി ആഗ്രഹിക്കുന്ന എഴുത്തുകാരിയുടെ പ്രതീക്ഷകളെ കൂടിയും ആത്മകഥയിൽ അടയാളപ്പെടുത്തുന്നുണ്ട്. അനുഭവമാണ് ആത്മകഥയുടെ കേന്ദ്രബിന്ദു എന്നതുകൊണ്ട് തന്നെ സാമൂഹികപരമായ ഒരു ആഖ്യാനം ആത്മകഥയിൽ കാണാം. അതോടൊപ്പം തന്നെ ട്രാൻസ് ജീവിതത്തിന് മുമ്പും ശേഷവും അനുഭവിച്ച മാനസിക ശാരീരിക പ്രതിസന്ധികളെ വൈകാരികമായിത്തന്നെ കൃതിയിൽ ആവിഷ്കരിക്കുന്നുണ്ട്.ഉടലും മനസ്സും ഒന്നാകാൻ പാടുപെടുന്നവരുടെ ജീവിതാനുഭവങ്ങൾ രാഷ്ട്രീയവുമായി എങ്ങനെ മനസ്സിലാക്കാം എന്നതുമായി ബന്ധപ്പെട്ടതാണ് ക്വീർ സിദ്ധാന്തം. അതുകൊണ്ടുതന്നെ ക്വീർ സിദ്ധാന്തത്തെ വാക്കുകൾ കൊണ്ട് നിർവചിക്കാൻ എളുപ്പമല്ല.ആത്മകഥ എന്നാൽ അവനവനെ തന്നെ കണ്ടെത്താനുള്ള ശ്രമമാണ്.സ്വയം അസ്തിത്വം കണ്ടെത്തുന്ന വ്യക്തി സാക്ഷാത്കാരമാണ് ക്വീർ എന്നതിന് ഉദാഹരണമാണ് വിജയരാജമല്ലികയുടെ മല്ലികാവസന്തം.സമൂഹത്തിന് ട്രാൻസ് വ്യക്തികളെ കൂടി ഉൾപ്പെടുത്താതെ ലിംഗനീതി ഉറപ്പാക്കാൻ കഴിയില്ല എന്ന തിരിച്ചറിവിലേക്കാണ് 'ക്വീർ' ആത്മകഥകൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്.

### 1. പഠനലക്ഷ്യം

ആൺ/പെൺ ദ്വന്ദ്വവിഭജനങ്ങൾക്കപ്പുറമുള്ള ശരീരത്തിന്റെയും മനസ്സിന്റെയും ആവിഷ്കാരം ട്രാൻസ്ജെൻഡർ കവിയായ വിജയരാജമല്ലികയുടെ ആത്മകഥയിൽ എപ്രകാരമാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് 'ക്വീർ' സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 2. പഠനത്തിന്റെ പ്രസക്തി

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ട്രാൻസ്ജെൻഡർ എന്ന വിഭാഗം അനുഭവിക്കേണ്ടിവന്ന പ്രതിസന്ധികളെകുറിച്ച് എഴുത്തിലൂടെ തുറന്നു കാണിച്ച വിജയരാജമല്ലികയുടെ ആത്മകഥയെ മുൻനിർത്തിയുള്ള പഠനമാണിത്. പഠനത്തിനായി വിജയരാജമല്ലികയുടെ ആത്മകഥയായ 'മല്ലികാവസന്ത'മാണ് തിരഞ്ഞെടുത്തിരിക്കുന്നത്.'മല്ലികാവസന്തം' എന്ന കൃതിയെ മുൻനിർത്തിയുള്ള ഗവേഷണാത്മകമായ പഠനം ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

## 3. പരികല്പന

ട്രാൻസ് ജീവിതം നേരിടേണ്ടിവരുന്ന ശാരീരിക, മാനസിക പ്രതിസന്ധികളെ ട്രാൻസ്ജെൻഡർ വ്യക്തിയായ വിജയരാജമല്ലിക തന്റെ ആത്മകഥയിലൂടെ ആവിഷ്കരിക്കുന്ന രീതികളെ അപഗ്രഥിക്കുന്നു എന്നതാണ് ഈ പഠനത്തിന് ആധാരമായുള്ള പരികല്പന.

## 4. പഠനമേഖല

'ആത്മകഥയിലെ 'ക്വീർ' ആഖ്യാനം 'മല്ലികാവസന്ത'ത്തെ മുൻനിർത്തി ഒരു പഠനം' എന്ന ഈ പ്രബന്ധത്തിൽ ക്വീർ സിദ്ധാന്തത്തെക്കുറിച്ചും ലിംഗ നിതിയെക്കുറിച്ചും അപഗ്രഥിക്കുന്നു. തുടർന്ന് ട്രാൻസ്ജെൻഡറുടെ ജീവിതത്തെ വിശകലനം ചെയ്യുകയും, ട്രാൻസ്ജെൻഡർ ആത്മകഥയുടെ പ്രത്യേകതകളെക്കുറിച്ച് സവിശേഷമായി അപഗ്രഥിക്കുകയും ചെയ്യുന്നു.

## 5. പഠനരീതി

'ക്വീർ' സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ ആത്മകഥയെ വിശകലനം ചെയ്യുകയും അവ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ പരിശോധിക്കുകയും ചെയ്യുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

## 6. പ്രബന്ധസ്വരൂപം

ആമുഖം ഉപസംഹാരം എന്നിവ കൂടാതെ രണ്ട് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിൽ. ഒന്നാം അധ്യായം ' ലിംഗഭേദവും ആത്മകഥാഖ്യാനവും' എന്നതാണ്. ക്വീർ സിദ്ധാന്തം, ലിംഗം, ലിംഗ ഭേദം, ആത്മകഥയുടെ മേന്മകളും ന്യൂനതകളും അടക്കം ആത്മകഥകളെക്കുറിച്ചുള്ള പഠനവും ഒന്നാം അധ്യായത്തിൽ വിശകലന വിധേയമാക്കുന്നുണ്ട്.രണ്ടാം അദ്ധ്യായം 'മല്ലികാവസന്തം സ്വത്വവും ആഖ്യാനവും' എന്നതാണ്. വിജയരാജമല്ലികയുടെ ആത്മകഥയിലൂടെ മുന്നോട്ടുവയ്ക്കുന്ന ട്രാൻസ് സമൂഹത്തിന്റെ വീക്ഷണങ്ങളെ ആഖ്യാനരീതിയുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചു പഠിക്കുകയാണ് ഈ അധ്യായം. ഉപസംഹാരത്തിൽ പ്രബന്ധത്തിൽ നിന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിച്ചിരിക്കുന്നു.

## അധ്യായം ഒന്ന്

# ലിംഗഭേദവും ആത്മകഥാഖ്യാനവും

# അധ്യായം ഒന്ന്

# ലിംഗഭേദവും ആത്മകഥാഖ്യാനവും

## 1.1. ലിംഗം

ലിംഗം എന്ന സംസ്കൃതപദത്തിന് അടയാളം ചിഹ്നം എന്നിങ്ങനെയാണ് നിഘണ്ടുക്കൾ അർത്ഥം കൽപ്പിച്ചിരിക്കുന്നത്. വിവിധ ഭാഷകളിൽ പും, സ്ത്രീ, ഉഭയലിംഗം, ഭിന്നലിംഗം എന്നിങ്ങനെ ലിംഗഭേദങ്ങൾ വർഗ്ഗീകരിച്ചിരിക്കുന്നു.

## 1.2. ലിംഗഭേദം മലയാളത്തിൽ

മലയാളഭാഷയിൽ ലിംഗം എന്ന പദം പ്രധാനമായും മൂന്ന് വിധത്തിലാണ് ഉപയോഗിക്കുന്നത്. സംസ്കൃതാദിയായ ഭാഷകളിൽ നാമപദത്തിന്റെ രൂപാനുസാരിയായാണ് ലിംഗം നിർണയിക്കപ്പെടുന്നതെങ്കിൽ, മലയാളം അടക്കമുള്ള ദ്രാവിഡഭാഷകളിൽ അവ അർത്ഥാനുസാരിയാണ്. മലയാളത്തിൽ ലിംഗസ്വഭാവം നിർണ്ണയിക്കൽ ലളിതമാണ്.

മലയാളത്തിൽ ലിംഗം നിർണയിക്കപ്പെടുന്നത് സചേതനവും വ്യക്തമായ പുരുഷ സ്ത്രീ ഭാവവുമുള്ളവ, ജഡമായതോ അചേതനമായതോ വിശേഷബുദ്ധിയോ വ്യക്തിത്വമോ ഇല്ലാത്തവ എന്നിങ്ങനെ തരം തിരിക്കാവുന്ന വാക്കുകൾ എന്ന പരിഗണനയിലൂടെയാണ്.ആൺജാതിയെ അല്ലെങ്കിൽ ആൺനാമത്തെ കുറിക്കുന്നതാണ് പുല്ലിംഗം. പുരുഷൻ, രാമൻ, കാള ഇത്യാദി ഉദാഹരണങ്ങൾ.പെൺജാതിയെ അല്ലെങ്കിൽ പെൺനാമത്തെ അർത്ഥമാക്കുന്ന പദങ്ങളുടെ ലിംഗസ്വഭാവമാണ് ഈ സംജ്ഞ കൊണ്ട് അർത്ഥമാക്കുന്നത്. സ്ത്രീ, രമ, പശു ഇവ ഉദാഹരണങ്ങൾ.വ്യക്തമായ സചേതന ഭാവമില്ലാത്ത വസ്തുക്കളെ എല്ലാം മലയാളത്തിൽ നപുംസകമായാണ് കണക്കാക്കുന്നത്. ഇവയെ പുരുഷനെന്നോ സ്ത്രീയെന്നോ ഗണിക്കാൻ കഴിയില്ല. മേശ, ഭാരതം,കന്നുകാലി എന്നിവ ഉദാഹരണങ്ങൾ. തനതായ പ്രത്യേക ലിംഗസ്വഭാവം ഉണ്ടെങ്കിൽ പോലും അത് പ്രയോഗത്തിൽ വ്യക്തമാവാത്ത അവസ്ഥ ചിലപ്പോൾ ഉണ്ടാകും. ഇത്തരം വാക്കുകളാണ് ഉഭയലിംഗത്തിൽപ്പെടുന്നത്. മലയാളത്തിലെ ഒട്ടേറെ സർവ്വനാമങ്ങളും ഉഭയലിംഗമാണ്. അവൻ, ഞാൻ, നീ, ഞങ്ങൾ ഇവ ഉദാഹരണം.

ഭിന്നലിംഗക്കാർ എന്നാൽ ജനിക്കുമ്പോൾ ഉള്ള ലിംഗത്തിന് വ്യത്യാസമായ ലിംഗ ഗുണങ്ങളോട് കൂടി ജനിക്കുന്നവർ എന്നാണ് അർത്ഥമാക്കുന്നത്. ഇവരിൽ സ്വവർഗ അനുരാഗത്തിൽ ഏർപ്പെടുന്നവരും ഉണ്ട്. ചിലർ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയ രായിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിൽ 'ജനിറ്റിക്കൽ ഇൻഫ്ളുവൻസ്" എന്നാണ് പറയപ്പെടുന്നത്. ജനത്തിന് മുമ്പുണ്ടാകുന്ന ഹോർമോണിന്റെ അസന്തുലിതാവസ്ഥ ചെറുപ്പകാലത്ത് കുടുംബത്തിൽ നിന്നുണ്ടാകുന്ന അനുഭവങ്ങൾ, കൂടാതെ സമൂഹ ത്തിൽ നിന്നുള്ള സ്വാധീനം ഇവയെല്ലാം തന്നെ ഭിന്നലിംഗക്കാരുടെ സ്വഭാവവും വ്യക്തിത്വവും വളരാൻ കാരണമാകുന്നു.

### 1.3. **അപരലിംഗം** (Transgender)

പ്രാചീനകാലം മുതൽക്കേ നപുംസകമെന്നും,ശിഖണ്ഡിയെന്നും,തൃതീയ പ്രകൃതി യെന്നും, ഇന്ത്യയിൽ പിൽക്കാലത്ത് ഹിജഡയെന്നും, കോത്തിയെന്നും വിളിക്കപ്പെട്ട അപരലിംഗർ തങ്ങളുടെ ലിംഗവ്യക്തിത്വത്തെ ശാരീരികമായ ലിംഗവ്യവസ്ഥയിൽ നിന്ന് വ്യതിരിക്തമാണെന്ന് തിരിച്ചറിയുന്നവരാണ്. ഉദാഹരണമായി ലൈംഗിക അവയ വത്തെ ആസ്പദമാക്കി പുരുഷൻ എന്ന് വിളിക്കപ്പെടുന്ന ഒരാൾ തന്റെ യഥാർത്ഥ ലിംഗ വ്യക്തിത്വം സ്ത്രീയുടെതാണെന്ന് തിരിച്ചറിയുമ്പോൾ അയാളെ ട്രാൻസ്ജെൻഡർ എന്ന് വിളിക്കുന്നു. അപരലിംഗരുടെ ലൈംഗികാഭിമുഖ്യം പലവിധത്തിൽ കടന്നുവരു ന്നുണ്ട്. ലൈംഗികവ്യക്തിത്വം തിരിച്ചറിയുന്ന അപരലിംഗർ പുരുഷന്റെ ജൈവരൂ പത്തോടെ ജനിച്ചാലും സ്ത്രീയുടെ സ്വഭാവ സവിശേഷതകൾ പ്രകടിപ്പിച്ചു കാണാ റുണ്ട്. എന്നാൽ അതല്ലാത്തപ്പോഴും ലിംഗ പ്രതിനിധാനത്തിന്റെ അടിസ്ഥാനത്തിൽ വ്യതിരിക്തവേഷക്കാർ, കോത്തി എന്നെല്ലാം വേർതിരിക്കാറുണ്ട്. അപരലിംഗരിൽ തന്നെ ലൈംഗിക വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിൽ ധാരാളം ഉൾപ്പിരിവുകൾ ഉണ്ട്.

'എൽ ജി ബി ടി'-യെ കൂടാതെ ലിംഗ വ്യക്തിത്വത്തിന്റെ കാര്യത്തിൽ സന്ദേഹിക ളായവരും ജീവശാസ്ത്രപരമായോ ജനിതകപരമായോ ദ്വിലിംഗമായവരും (Inter sexual), ശൂന്യമായ ലിംഗ വ്യവസ്ഥയോട് കൂടിയ നിർലിംഗരും( Asexual) എല്ലാം ചേർന്ന് 'ക്വീർ'എന്ന കൂട്ടായ്മയായും അറിയപ്പെടുന്നു. വ്യത്യസ്ത( Different) എന്ന അർത്ഥ മാണ് 'ക്വീർ' എന്ന വാക്കിന് ഇംഗ്ലീഷിൽ ഉള്ളത്. നിസ്സാരമായി കണ്ടിരുന്ന പദങ്ങൾ സംജ്ഞകളായി മാറിയപ്പോൾ അവയ്ക്ക് കൂടുതൽ പ്രാധാന്യം ലഭിച്ച ചരിത്രമാണ് വിദേശങ്ങളിൽ ഉള്ളത്. മലയാളത്തിൽ സഭ്യമായ ജനകീയ സംജ്ഞകളൊന്നും

ലൈംഗിക ന്യൂനപക്ഷത്തെ കുറിക്കുന്നതിനായി ഉണ്ടായിട്ടില്ല. ഒരു ലിംഗവിഭാഗത്തിൽ ജനിക്കുകയും അപരലിംഗ വിഭാഗത്തിന്റെ താത്പര്യങ്ങളും ചേഷ്ഠകളും പ്രകടിപ്പിക്കുകയും ചെയ്യുന്നവരെയാണ് ട്രാൻസ്ജെൻഡർ എന്നു വിളിക്കുന്നത്. ട്രാൻസ്ജെൻഡർ എന്ന പദത്തിന് പൊതുവായി മലയാളത്തിൽ ഭിന്നലിംഗം,മൂന്നാംലിംഗം, അപരലിംഗം എന്നിങ്ങനെ അർത്ഥങ്ങളാണ് ഉള്ളത് .'എൽ ജി ബി ടി ഐ ക്യു'വിലെ ഒരു കമ്മ്യൂണിറ്റിയാണ് ട്രാൻസ്ജെൻഡർ. മറ്റുള്ളവ 'ലെസ്ബിയൻ', 'ഗേ', 'ബൈ സെക്ഷ്വൽ', 'ഇന്റർ സെക്സ്", 'ക്വീർ' വിഭാഗങ്ങളാണ്. സ്ത്രീയിൽ ശാരീരികവും മാനസികവുമായി ഉണ്ടാകുന്ന പൗരുഷത്തെ(FtoM) ട്രാൻസ്മെൻ(Transmen) എന്നും, പുരുഷനിൽ ശാരീരികവും മാനസികവുമായ ഉണ്ടാകുന്ന സ്ത്രൈണ വികാരത്തെ (MtoF) ട്രാൻസ്വുമൺ(Transwomen) എന്നും പറയുന്നു.ലിംഗമാറ്റ ശസ്ത്രക്രിയ(Sex reassignment Therapy)യിലൂടെ എതിർലിംഗം സ്വീകരിക്കുന്നവരെ ട്രാൻസ്സെക്ഷ്വൽ (Trans sexuals)എന്നാണ് വിളിക്കുന്നത്.

### 1.4. ചരിത്രം

ആദ്യകാലം മുതൽ തന്നെ ഇന്ത്യൻ സമൂഹത്തിൽ ഭിന്നലിംഗക്കാർ കാണപ്പെട്ടിരുന്നു. ഭിന്നലിംഗക്കാരെ ദൈവമായിട്ടാണ് കണക്കാക്കിയിരുന്നത്.ഹിന്ദുമത വിശ്വാസ പ്രകാരം ശിവന്റെ അർദ്ധനാരീശ്വര സങ്കല്പം ഇതിന് ഉദാഹരണമാണ്. രാമായണം മഹാഭാരതം പോലുള്ള ഇതിഹാസങ്ങളിലും ഭിന്നലിംഗക്കാരെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കുടിയേറ്റ കാലത്തിനു മുൻപേ ഭിന്നലിംഗക്കാർക്ക് സമൂഹത്തിൽ അന്തസ്സുള്ള ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത്. മുഗൾ രാജഭരണ കാലത്ത് ഭിന്നലിംഗക്കാരെയാണ് ഏറ്റവും വിശ്വസ്തരായ പരിചാരകരായി കണക്കാക്കിയിരുന്നത്. പഴയ ഹൈദരാബാദ് സംസ്ഥാനത്തിൽ അവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് വേണ്ടിയും ഒരു പ്രത്യേക ഇൻസ്പെക്ടറെ നിയമിച്ചിരുന്നു. ആ കാലഘട്ടത്തിൽ അവർക്ക് ഭരണാധികാരികളിൽ നിന്നും സ്ഥലവും പണവും ക്ഷേമനിധിയായി കിട്ടിക്കൊണ്ടിരുന്നു. അതിനോടൊപ്പം അവർക്കു പ്രത്യേക അവകാശവും നൽകിയിരുന്നു.

ബ്രിട്ടീഷ് കൊളോണിയൽ ഭരണം വന്നതിനുശേഷം ഭിന്നലിംഗക്കാരുടെ അവസ്ഥ വളരെ മോശമായി മാറി. ബ്രിട്ടീഷുകാരുടെ കാഴ്ചപ്പാടിൽ രണ്ട് ലിംഗം മാത്രമേയുള്ളൂ. കോളനി ഭരണകാലത്ത് ഭിന്നലിംഗക്കാരെ ഒരു ക്രിമിനൽ ആയി കണക്കാക്കിയിരുന്നു. ക്രിമിനൽ ട്രൈബ്സ് ആക്ട് 27 പ്രകാരം രാജഭരണകാലത്തും

മുഗൾ ഭരണകാലത്തും ഇവർക്ക് നൽകിയിരുന്ന സ്ഥലം ബ്രിട്ടീഷ് ഭരണം തിരിച്ചെടുത്തു. ബ്രിട്ടീഷ് ഭരണകാലം മുഴുവൻ ഭിന്നലിംഗക്കാർ ഒറ്റപ്പെട്ട ജീവിതമാണ് നയിച്ചിരുന്നത്. ഇവർ പിന്നീട് ഗ്രാമ അതിർത്തികളിലാണ് ജീവിച്ചിരുന്നത്. പുറംലോക വുമായിയാതൊരു ബന്ധവും ഉണ്ടായിട്ടില്ല.

ഭിന്നലിംഗ സമൂഹം ഇന്ത്യയിൽ മുഴുവൻ വ്യാപിച്ചു കിടക്കുകയാണ് എങ്കിലും അവരിൽ ഭൂരിഭാഗവും ജീവിക്കുന്നത് വടക്ക് പടിഞ്ഞാറൻ മേഖലയിലാണ്. ഇതിന്റെ പ്രധാനകാരണം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ അവർക്ക് ആവശ്യത്തിനുള്ള ജീവി തമാർഗം കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ്. കുടുംബത്തിൽ നിന്നും നേരിട്ട അവഗണിൽ നിന്നും രക്ഷനേടാനും അവരുടേതായ ഒരു സ്വത്വം നേടിയെടുക്കാനും വേണ്ടി അവർ പട്ടണങ്ങളിൽ നിന്നും വൻനഗരങ്ങളിലേക്ക് ചേക്കേറി. പ്രതീക്ഷാനയം ഇല്ലാത്തതുകൊണ്ട് തന്നെ ഇവർക്ക് പൗരാവകാശങ്ങളും മൗലിക അവകാശങ്ങളും അവഗണിക്കപ്പെടുകയാണ്.

## 1.5. ക്വീർ

ഒരു പ്രത്യേക കമ്മ്യൂണിറ്റിയിലെ ലൈംഗിക ഐഡന്റിറ്റി സൂചിപ്പിക്കാൻ 'ക്വീർ' എന്ന പദം ഉപയോഗിക്കുന്നു. 'ലെസ്ബിയൻ', 'ഗേ', 'ബൈസെക്ഷ്വൽ', 'ട്രാൻസ്ജെൻ ഡർ' എന്നിങ്ങനെ തിരിച്ചറിയുന്ന ആളുകളുടെ ഒരു 'ക്വീർ'കമ്മ്യൂണിറ്റി നിർമ്മിക്കപ്പെട്ടു. ഇത്രയും വലിയൊരു കമ്മ്യൂണിറ്റി വിവരിക്കാനുള്ള എളുപ്പവഴിയായി 'ക്വീർ' കണ്ടെത്തുന്നു.

ഭിന്നലൈംഗികതയ്ക്ക് പുറത്തുള്ള ലൈംഗിക വ്യക്തിത്വങ്ങളെ അടയാളപ്പെടു ത്തുന്നത് പൊതുതത്വത്തെ അടിസ്ഥാനമാക്കിയുള്ള ആളുകൾക്കിടയിൽ ഐക്യ ദാർഢ്യം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. ഇത് പരസ്പരം തിരിച്ചറിയാനും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് തുടക്കം കുറിക്കാനും പിന്തുണ കണ്ടെത്താനും സംഘടിപ്പിക്കാനുള്ള ഒരു കമ്മ്യൂണിറ്റി സൃഷ്ടിക്കാനും അവരെ പ്രോത്സാഹിപ്പിക്കുന്നു. ലൈംഗികതയ്ക്ക് പുറമേ, ഒരു പ്രത്യേക ലിംഗഭേദമുള്ള സമൂഹത്തെ വിവരിക്കാൻ 'ക്വീർ' എന്ന പദം ഉപയോഗിക്കുന്നു. സമൂഹം നിർദ്ദേശിക്കുന്ന ആൺ-പെൺ,പുരുഷൻ-സ്ത്രീ, എന്നീ ദ്വന്ദ്വങ്ങൾക്ക് പുറത്തുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഒരു സമൂഹമാണിത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്വവർഗ ആഗ്രഹങ്ങളോ ബന്ധങ്ങളോ

ഉള്ളവർക്കെതിരെ അപകീർത്തികരമായി 'ക്വീർ' ഉപയോഗിക്കപ്പെട്ടു. ആയിരത്തി തൊള്ളായിരത്തിയെൺ പതുകളുടെ അവസാനം മുതൽ 'ക്വീർ' നേഷൽ അംഗങ്ങളെ പ്പോലുള്ള ക്വീർ ആക്ടിവിസ്റ്റുകൾ, എൽബിജിടി കമ്മ്യൂണിറ്റിയിലെ കൂടുതൽ സ്വാംശീക രണ ശാഖകൾക്ക് ബോധപൂർവ്വം പ്രകോപനപരവും രാഷ്ട്രീയമായി സമൂലവുമായ ബദലായി ഈ വാക്ക് വീണ്ടെടുക്കാൻ തുടങ്ങി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, സാധാരണമല്ലാത്ത ലൈംഗികത അല്ലെങ്കിൽ ലിംഗസ്വത്വങ്ങളുടെയും അവരുടെ രാഷ്ട്രീ യത്തെയും വിശാലമായി വിവരിക്കാൻ 'ക്വീർ'സംജ്ഞ കൂടുതലായി ഉപയോഗിച്ചു.

## 1.6. കല

'ക്വീർ' എന്ന ലേബൽ പലപ്പോഴും കലാപ്രസ്ഥാനങ്ങൾക്ക് (പ്രത്യേകിച്ച് സിനിമയിൽ) പ്രയോഗിക്കുന്നു. ആയിരത്തിതൊള്ളായിരത്തിതൊണ്ണൂറുകളുടെ തുടക്ക ത്തിൽ 'ക്വീർ' പ്രണയമുള്ള സ്വതന്ത്ര ചലച്ചിത്ര നിർമ്മാണത്തിലെ ഒരു പ്രസ്ഥാനം ആയിരുന്നു 'ന്യൂ ക്വീർ' സിനിമ. ഓസ്ട്രേലിയയിലെ 'മെൽബൺ ക്വീർ ഫിലിം ഫെസ്റ്റി വൽ', 'മാർഡി ഗ്രാസ് ഫിലിം ഫെസ്റ്റിവൽ', ഇന്ത്യയിലെ 'മുംബൈ ക്വീർ ഫിലിം ഫെസ്റ്റിവൽ', ജപ്പാനിലെ 'ഏഷ്യൽ ക്വീർ ഫിലിം ഫെസ്റ്റിവൽ', സ്വിറ്റ്ഡർലൻഡിലെ 'ക്വീർ സിച്ച്"'എന്നിവ ആധുനിക ക്വീർ ഫിലിം ഫെസ്റ്റിവലുകളിൽ ഉൾപ്പെടുന്നു. ചൈനീസ് ചലച്ചിത്ര സംവിധായകൻ കുയിസിയാൻ രണ്ടായിരത്തിയെട്ടിൽ ചൈന യിൽ സ്വവർഗരതിയെ കുറിച്ചുള്ള ഡോക്യുമെന്ററിക്ക് പേര് നൽകി. രണ്ടായിര ത്തിയൊമ്പതിെ 'ബെയ്ജിംഗ് ക്വീർ ഫിലിം ഫെസ്റ്റിവൽ' പ്രീമിയർ ചെയ്തു. ഒരു ക്വീർ ഫിലിം ഫെസ്റ്റിവൽ നടത്താനുള്ള മുൻ ശ്രമങ്ങൾ സർക്കാർ അടച്ചുപൂട്ടി. നോർത്തേൻ അയലൻഡിലെ ഔട്ട് ബർസ്റ്റ് ക്വീർ ആർട്ട്സ് ഫെസ്റ്റിവൽ ബെൽഫാസ്റ്റ്, യുണൈറ്റഡ് സ്റ്റേറ്റിലെ 'നാഷണൽ ക്വീർ ആർട്ട്സ് ഫെസ്റ്റിവൽ' എന്നിവ മൾട്ടി ഡി സിപ്ലിനറി ക്വീർ ആർട്ട്സ് ഫെസ്റ്റിവലുകളിൽ ഉൾപ്പെടുന്നു. ടെലിവിഷൻ ഷോകളിൽ ക്വീർ അസ് ഫോക്ക് എന്ന യു.കെ പരമ്പരയും, അതേ പേരുള്ള അമേരിക്കൻ കനേഡി യൻ റീമേക്കായ 'ക്വീർ ഐ'യും ഡക്ക് എന്ന കാർട്ടൂണും ഉൾപ്പെടുന്നു.

## 1.7. സാഹിത്യം

മലയാള സാഹിത്യത്തിൽ 'ശബ്ദങ്ങൾ' (ബഷീർ) 'ഹിജഡ' (എം എം മനോജ്), 'ബുധ സംക്രമണം'( ദിലീപ് കുമാർ ),'അൻ+ അവൾ=അത് '(എസ് ഭാരതി തമിഴ് വിവർത്തനം), 'വേറിട്ടു മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ' (എച്ച്മിക്കുട്ടി ) എന്നീ നോവലുകളിലും മാധവിക്കുട്ടിയുടെ 'നപുംസകങ്ങൾ', എം പി നാരായണപിള്ളയുടെ 'ഹിജഡ', ഇന്ദു മേനോന്റെ 'ഹിജഡയുടെ കുട്ടി', പ്രമോദ് രാമന്റെ 'ഛേദാംശ ജീവിതം' 'രതിമാതാവിന്റെ പുത്രൻ' എന്നീ കഥകളിലും പി സുരേന്ദ്രന്റെ നോൺ ഫിക്ഷനായ 'ദേവദാസികളും ഹിജഡകളിലും' , ട്രാൻസ്ജെൻഡർ കൂടിയായ ജെറീനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'യിലും ,വിജയരാജമല്ലികയുടെ 'മല്ലികാവസന്ത'ത്തിലും ട്രാൻസ് സ്വത്വവും ജീവിതവും ആവിഷ്കരിക്കപ്പെടുന്നു.

## 1.8. ക്വീർ സിദ്ധാന്തം

സാഹിത്യ വിശകലനം, തത്വചിന്ത, രാഷ്ട്രീയം മറ്റു മേഖലയിലെ സാംസ്കാരിക പഠനം എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളിൽ ഉപയോഗിക്കുന്ന ഒരു പദമാണ് 'ക്വീർ സിദ്ധാന്തം'. ഇത് അടിസ്ഥാനപരമായി ഭിന്നലിംഗസ്വത്വങ്ങളെ സ്റ്റാൻഡേർഡ് ആയി കണക്കാക്കുന്നതിന് ചോദ്യം ചെയ്യുന്ന ഒരു വീക്ഷണമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറുകളുടെ തുടക്കത്തിൽ 'ക്വീർ' പഠനങ്ങളിൽ നിന്നും( പലപ്പോഴും ഗേ, ലെസ്ബിയൻ) സ്ത്രീകളുടെ പഠനങ്ങളിൽ നിന്നും ഉയർന്നു വന്ന പോസ്റ്റ് സ്ട്രക്ചറലിസത്തിന്റെ ഒരു മേഖലയാണ് 'ക്വീർ സിദ്ധാന്തം'. ഈ പദത്തിന് അതിന്റെ ഉപയോഗത്തെ ആശ്രയിച്ച് വ്യത്യസ്ത അർത്ഥങ്ങൾ ഉണ്ടാകാം. എന്നാൽ ഭിന്നലിംഗത്തിന് പുറത്ത് നിലനിൽക്കുന്ന ലിംഗലൈംഗിക സമ്പ്രദായങ്ങളുടെ പഠനവും സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു.

സ്പെക്ട്രം അല്ലെങ്കിൽ ലിംഗബോധം, ലൈംഗികത, പ്രണയ ആകർഷണം എന്നിവയെ വർഗീകരിക്കാൻ ബുദ്ധിമുട്ടുള്ളത് ഉൾക്കൊള്ളുന്നതിനായി 'ക്വീർ' എന്ന പദം തന്നെ മനഃപൂർവം അയഞ്ഞ് നിർവചിക്കപ്പെട്ടിരിക്കുന്നു. വ്യത്യസ്തരായ ആളുകളുടെ

ജീവിതാനുഭവങ്ങൾ സാംസ്കാരികവും രാഷ്ട്രീയവുമായി എങ്ങനെ മനസ്സിലാക്കാം എന്നതുമായി ബന്ധപ്പെട്ടതാണ് 'ക്വീർ' സിദ്ധാന്തം. അതിനാൽ ക്വീർ സിദ്ധാന്തത്തെ നിർവചിക്കാൻ അത്ര എളുപ്പമല്ല. തത്വചിന്തകളുടെ അഭിപ്രായത്തിൽ 'ക്വീർ തിയറി', 'ക്രിട്ടിക്കൽ ഡിസെബിലിറ്റി തിയറി'യുടെയും 'ഫെമിനിസ്റ്റ് തിയറി'യുടെയും തൊട്ടടുത്തുള്ള വിഭാഗത്തിന് കീഴിലാണ്. ഇവമൂന്നും വ്യത്യസ്തമായ പഠനമേഖലകൾ ആണെങ്കിലും അവയെല്ലാം ഉൾപ്പെടുത്തുക എന്ന പൊതുവായ ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നു.

സ്ത്രീകൾ തമ്മിലുള്ള സ്വവർഗ്ഗനുരാഗത്തെ 'ലെസ്ബിയൻ' എന്ന് വിളിക്കുന്നു. പുരുഷന്മാരുടെ സ്വവർഗ അനുരാഗ വിഭാഗമാണ് 'ഗേ'. സ്ത്രീപുരുഷ ദ്വിവ്യക്തിത്വങ്ങൾക്കും, പദവികൾക്കും മാത്രം സാന്നിധ്യം നൽകുന്ന സാമൂഹിക വ്യവസ്ഥകൾക്ക് എതിരായി ചിന്തകൾ ഉയർന്നു വന്നപ്പോൾ അപനിർമാണത്തിന്റെ സാധ്യതകളുമായി ബഹുവ്യക്തിയുടെ സിദ്ധാന്തമായി 'ക്വീർ' സിദ്ധാന്തത്തിന് തന്മ ലഭിച്ചു. ആയിരത്തിതൊള്ളായിരത്തിയെൺപതുകളിൽ സ്വവർഗ അനുരാഗികൾ ആയ സ്ത്രീ (ലെസ്ബിയൻ) പുരുഷൻ(ഗേ) സാംസ്കാരിക പ്രവർത്തകരിലൂടെയാണ് 'ക്വീർ' എന്ന പദം പ്രസിദ്ധമായത്. ''ലൈംഗിക അരാജകത്വം എന്ന് വിശേഷിപ്പിക്കുന്ന 'ലെസ്ബിയൻ','ഗേ', നപുംസക(ട്രാൻസ്ജെൻഡർ) ന്യൂനപക്ഷങ്ങൾക്ക് സമൂഹത്തിൽ പ്രതിനിധ്യം, പരിഗണന, സ്വത്വം സംസ്കാരം, രാഷ്ട്രീയം,അവകാശം, സ്വാഭാവിക ജീവിതം എന്നിവയെ കുറിച്ചുള്ള ചർച്ചയിലേക്ക് 'ക്വീർ' സിദ്ധാന്തം ഇന്ന് വളർന്നിട്ടുണ്ട്''( ജോസ് കെ മാനുവൽ,59: 2022).

സ്വവർഗ ലൈംഗികതയിലൂടെ സാമൂഹിക രൂപകൽപ്പനയിലേക്കാണ് 'ക്വീർ' സിദ്ധാന്തം വിരൽചൂണ്ടുന്നത്. ഇന്ന് ലോകത്തിന്റെ സാമൂഹ്യഘടനയെയും ജീവിതരീതിയെയും സംസ്കാരത്തെയും 'ക്വീർ' സിദ്ധാന്തം സ്വാധീനിക്കുന്നുണ്ട്. 'ക്വീർ' എന്നാൽ അസ്വഭാവികമായ അനുകരണങ്ങളെക്കാൾ സ്വാഭാവികതയുടെ ഗതിവിധികളായി വ്യാഖ്യാനിക്കപ്പെടാനുള്ള മുന്നേറ്റങ്ങളാണ് 'ക്വീർ' സിദ്ധാന്തത്തിന്റെ വക്താക്കൾ മുന്നോട്ട് വയ്ക്കുന്നത്( ജോസ് കെ മാനുവൽ,595:2022). സ്വയം അസ്തിത്വം കണ്ടെത്തുന്ന വ്യക്തിസാക്ഷാത്കാരങ്ങൾ ആണ് 'ക്വീർ' സിദ്ധാന്തത്തിലൂടെ ആവിഷ്കരിക്കുന്നത്.

### 1.9. ആത്മകഥ

മനുഷ്യന് അവനെ സ്വയം അടയാളപ്പെടുത്തുന്നതിനുള്ള ഒരു ഉപാധിയാണ് ആത്മകഥ. വ്യക്തിയുടെ ഇതുവരെയുള്ള ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കാനും വില യിരുത്താനും ആത്മകഥ പോലെ സംവേദനക്ഷമമായ മറ്റൊരു മാധ്യമമില്ല. വർത്തമാന കാലത്തെ അപേക്ഷിച്ച് ഭൂതകാലമാണ് ഇതിലെ പ്രധാന രംഗവേദി. ഇതിൽ വ്യക്തി മാത്രമല്ല, അവയോട് ബന്ധപ്പെട്ട എന്തും ഒരു സാമൂഹിക സാന്നിധ്യമായി നിലകൊള്ളുന്നു. വ്യത്യസ്തമാകുന്ന ആഖ്യാന രീതിയാണ് ഒരു വ്യക്തിയുടെ ലോക ബോധത്തെ കൂടി നിർണയിക്കുന്നത്. ആത്മകഥാഖ്യാനത്തിൽ ലിംഗഭേദം വരുത്തുന്ന സ്വാധീനം വളരെ വലുതാണ്.

ഇരുപതാം നൂറ്റാണ്ടിലാണ് മലയാളത്തിൽ ആത്മകഥ ഒരു പുതിയ സാഹിത്യ രൂപമായി വളർന്നുവന്നത്. മനുഷ്യൻ അവന്റെ തന്നെ സൃഷ്ടിയാണെന്ന ആശയത്തിൽ നിന്നാണ് 'ആത്മം' എന്ന സങ്കല്പം രൂപപ്പെടുന്നത്. ഇങ്ങനെ സ്വന്തം ആത്മത്തെ തിരയുന്ന മനുഷ്യന്റെ അന്വേഷണം ഒരു ഘട്ടത്തിൽ ആത്മകഥയിലേക്ക് തിരിയുന്നു. അതിലൂടെ അവനവനെത്തന്നെ കണ്ടെത്താനുള്ള ശ്രമമാണ്. ആത്മകഥയ്ക്ക് ആരംഭം ഉണ്ടെങ്കിലും അവസാനം ഇല്ല. അത് ഭൂതകാലത്തിൽ നിന്നും വർത്തമാനകാലത്തിൽ നിന്നും ആരംഭിക്കാം. പൂർണ്ണതയിലേക്കുള്ള ഒരു പ്രയാണമായി അവസാനിക്കുന്ന താണ് ആത്മകഥ. ആത്മകഥയിൽ ജീവിതത്തിന്റെ പുനർനിർമ്മിതിയാണ് നടക്കുന്നത്. സത്യത്തിന്റെ ഭാവനാത്മകമായ ആവിഷ്കരണത്തിലൂടെ ജീവിതത്തെ ലിഖിത രൂപത്തിൽ പുനർനിർമ്മിക്കുന്ന ആത്മകഥയ്ക്ക് കൃത്യമായ ഒരു കാലക്രമം ആവശ്യമില്ല. വ്യക്തിപരമായ ജീവിതത്തെ മാത്രമല്ല,പൊതുവായ ജീവിതത്തെ വിശദീകരിക്കുന്നതി ലൂടെ ചരിത്രത്തിലൂടെയുള്ള ഒരു സത്യാന്വേഷണമാണ് ആത്മകഥ നടത്തുന്നത്.

ആത്മകഥകൾ ആധുനിക രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത് പതിനെട്ടാം നൂറ്റാ ണ്ടിന്റെ അന്ത്യത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ആണ്. സാമൂഹിക അവസ്ഥയുടെ നിശിതമായ വിമർശനം നടത്തുന്ന ആത്മകഥകളിൽ അതിന്റെ പങ്കാളി ത്തത്തിൽ നിലനിൽക്കുന്ന സാമൂഹിക സാന്നിധ്യമായാണ് ഓരോ വ്യക്തിയും അടയാ ളപ്പെടുത്തുന്നത്. ഒരു നാണയത്തിന് രണ്ടുവശങ്ങൾ എന്നപോലെ നിരവധി മേന്മകളും അതോടൊപ്പം ന്യൂനതകളും ആത്മകഥയ്ക്ക് ഉണ്ട്. ആത്മകഥയിലെ കഥാകാരനും എഴു ത്തുകാരനും ഒരാൾ തന്നെയാവുമ്പോൾ അത് കൂടുതൽ സത്യസന്ധമായിരിക്കും എന്നതാണ് അതിന്റെ പ്രധാന മേന്മകളിൽ ഒന്ന്. ആത്മകഥ അവസാനം ഇല്ലാത്ത

സ്വത്വത്തോടുള്ള സംഭാഷണമാണ്. അതൊരു പ്രത്യേകകാലത്തെയും വ്യക്തി ജീവിതത്തെയും രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.ആത്മകഥാകൃത്ത് ചരിത്രകാരൻ,സാഹിത്യകാരൻ എന്ന ഇരട്ടവേഷങ്ങൾ ഇവിടെ കൈകാര്യം ചെയ്യുന്നു. ആത്മകഥയിലൂടെ വ്യക്തിക്ക് തന്നെ ജീവിതത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്താൻ സാധിക്കുന്നു എന്നത് അതിനെ ഇതരസാഹിത്യശാഖകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. മേന്മകൾ ഉള്ളതുപോലെ തന്നെ ന്യൂനതകളും ഇതിൽ നിരവധിയാണ്. ആത്മകഥ പൂർണ്ണമായും സത്യസന്ധമാകാൻ സാധ്യത കുറവാണ്. സ്വന്തം ജീവിതത്തിലെ എല്ലാ സത്യങ്ങളും ആരും പൂർണ്ണമായി തുറന്ന് പറയുകയില്ല. ആത്മകഥയുടെ ഒരു പ്രധാന ന്യൂനത അത് സ്വയംപര്യാപ്തമായ ഒന്നല്ല എന്നതാണ്. ഒരാളുടെ മരണത്തെ അവതരിപ്പിക്കാനും മരണാനന്തരം ആ വ്യക്തിയെ സമൂഹം എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന് രേഖപ്പെടുത്തുവാനും ആത്മകഥയിൽ സാധിക്കില്ല. അതുകൊണ്ടുതന്നെ ആത്മകഥയ്ക്ക് പൂർണമായ ഉപസംഹാരം നൽകുവാൻ കഴിയില്ല. നിയതമായ രൂപനിയമങ്ങൾ ആത്മകഥയെ സംബന്ധിച്ചിടത്തോളം ഇന്നേവരെ ഉണ്ടായിട്ടില്ല. അതിനാൽ മറ്റുസാഹിത്യശാഖകളെ പോലെ വർഗീകരണത്തിന് എളുപ്പത്തിന് വഴങ്ങുന്ന ഒന്നല്ല ആത്മകഥ.

ആത്മകഥയുടെ ആഖ്യാന ഘടനയെക്കുറിച്ചുള്ള ബിഖു പരേഖിന്റെ അഭിപ്രായ പ്രകാരം "ഒന്നാമതായി പൂർവ്വനിശ്ചിതമായ സാംസ്കാരിക പരിസരത്തിൽ മൂല്യനിർണയം ചെയ്യപ്പെടുന്ന ഒരു അനന്യസ്വത്വത്തിന്റെ വിവരണമാണ് ആത്മകഥ. രണ്ടാമതായി ആത്മകഥയിലെ സ്വത്വം ചരിത്രവിമുക്തമായ ഒന്നല്ലെന്നും അവ ഭൂതകാലത്തിന്റെ തിരഞ്ഞെടുപ്പുകളുടെയും തീരുമാനങ്ങളുടെയും ഉത്പന്നമായി നിർണയിക്കപ്പെടുന്നു എന്നതുമാണ്. മൂന്നാമതായി ആത്മകഥയിലെ ആത്മനിഷ്ഠവിന്യാസം (Subjective Orientation) അപരത്തിൽ നിന്നാണ് നിർണയിക്കുന്നത്. നാലാമതായി ആത്മകഥയിൽ വിവരിക്കപ്പെടുന്ന പൂർവ്വ കൽപ്പിതമായ ജീവിതം സയുക്തികമാണ്".(Parekh, 47:1989).

എന്നാൽ ഫിലിപ്പ് ലെജ്യൂൺ പറയുന്നത് " ഒരു യഥാർത്ഥ വ്യക്തി അയാളുടെ സ്വന്തം നിലനിൽപ്പിനെ കണക്കിലെടുത്ത് അയാളുടെ വ്യക്തിജീവിതത്തെ കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യേകിച്ചും അയാളുടെ വ്യക്തിത്വത്തിന്റെ പുരോഗതിയെക്കുറിച്ച് പൂർവ്വകാല പ്രാബല്യത്തോടെ എഴുതുന്ന ഒരു ആഖ്യാനം" എന്നാണ് (Lejeune, 193:1982).

## 1.10. ആത്മകഥ; വിഭാഗങ്ങൾ

ആത്മകഥകളെ അവയുടെ ഉള്ളടക്കത്തിന്റെ സ്വഭാവം അനുസരിച്ചും ആന്തരിക ഭാവത്തെ അടിസ്ഥാനമാക്കിയും പലതരത്തിൽ വിഭജിച്ചിട്ടുണ്ട്. ഉള്ളടക്കത്തിന്റെ സ്വഭാവം അനുസരിച്ച് കുമ്പസാരപരം(Confessional), ചരിത്രപരം(Historical), സംഭവാഖ്യാനപരം(Descriptive), എന്നിങ്ങനെ വിഭജിക്കുന്നു. ഒരു വ്യക്തി തന്റെ കുറ്റങ്ങളും കുറവുകളും ദുഃഖപൂർവ്വം ആവിഷ്കരിക്കുന്നതാണ് കുമ്പസാരപരമായ ആത്മകഥ. സെന്റ്.അഗസ്റ്റിൻ,റൂസോ, ടോൾസ്റ്റോയി തുടങ്ങിയവരുടെ ആത്മകഥകൾ ഇതിന് ഉദാഹരണങ്ങളാണ്. ചരിത്രപരമായ ആത്മകഥകൾ ഒരാളുടെ ജീവിതാനുഭവങ്ങളെ കാലക്രമം അനുസരിച്ച് ഒരു ചരിത്രരേഖ എന്നപോലെ വിവരിക്കുന്നു. ജവഹർലാൽ നെഹ്റു, എച്ച്. ജി. വെൽസ്,കെ പി കേശവമേനോൻ എന്നിവരുടെ ആത്മകഥകൾ ഇതിനുദാഹരണമാണ്. സംഭവാഖ്യാനപരങ്ങളായ ആത്മകഥകൾ ജീവിതത്തിൽ നടന്നിട്ടുള്ള കാര്യങ്ങളുടെ വ്യാഖ്യാനം എന്ന നിലയിൽ രചിക്കപ്പെട്ടവയാണ്. ഉദാഹരണമായി ഗാന്ധിജി,ചെറുകാട്, എം കെ കെ നായർ എന്നിവരുടെ ആത്മകഥകൾ പറയാം.

ആന്തരിക ഭാവത്തെ അടിസ്ഥാനമാക്കി ആത്മകഥകളെ സാമൂഹികപരം, രാഷ്ട്രീയപരം, സാഹിത്യപരം, ദാർശനികപരം, കലാപരം എങ്ങനെ അഞ്ചായി തിരിക്കുന്നു. സാമുദായിക സ്വത്വം കേന്ദ്ര പ്രമേയമാക്കിയ ആത്മകഥാഖ്യാനങ്ങൾ വിപുലമായി മലയാള സാഹിത്യത്തിൽ ഉണ്ട്. ഇവിടെ എഴുത്തുകാരിയുടെ/കാരന്റെ നിലനിൽപ്പ് സാമുദായികതയിൽ നിന്ന് വേറിട്ട് കാണാനാവില്ല. സാമൂഹികമായ അടിത്തറയിൽ കെട്ടി ഉയർത്തപ്പെട്ട വ്യക്ത്യനുഭവങ്ങളാണ് ആത്മകഥയുടെ കേന്ദ്രബിന്ദു എന്നതുകൊണ്ട് തന്നെ സാമൂഹികം എന്ന വിശാലമായ വിഭാഗത്തിൽ ഏതൊരു ആത്മകഥയെയും ഉൾപ്പെടുത്താം. ഹെലൻ കെല്ലർ, സി കേശവൻ, വി.ടി ഭട്ടതിരിപ്പാട് മന്നത്ത് പത്മനാഭൻ തുടങ്ങിയവരുടെ ആത്മകഥകൾ സാമൂഹിക പ്രാധാന്യമുള്ളവയാണ്. രാഷ്ട്രീയ പ്രാധാന്യമുള്ള ആത്മകഥകളിൽ സുരേന്ദ്രനാഥ് ബാനർജി,ഇഎംഎസ് നമ്പൂതിരിപ്പാട്, തോപ്പിൽഭാസി, ഗൗരിയമ്മ, സി അച്യുതമേനോൻ,ചെറുകാട്, അക്കാമാ ചെറിയാൻ എന്നിവരുടെ ആത്മകഥകൾ സവിശേഷ പ്രാധാന്യം അർഹിക്കുന്നവയാണ്. ലിയോ ടോൾസ്റ്റോയ്, പി കുഞ്ഞിരാമൻ നായർ, ജി ശങ്കരക്കുറുപ്പ്, മാധവിക്കുട്ടി, ലക്ഷ്മിഭായി തിലക്, തുടങ്ങിയവരുടെ ആത്മകഥകൾ സാഹിത്യപരങ്ങളായ ആത്മകഥകളാണ്.ദാർശനിക വിഭാഗത്തിൽപ്പെടുന്നവയാണ് ജോൺ ബനിയൻ,നടരാജഗുരു, മേലൂർ ദാമോദരൻ,സെന്റ് അഗസ്റ്റിൻ എന്നിവരുടെ ആത്മകഥ. കെപിഎസി ലളിത, മഞ്ജു വാര്യർ, പി

ജെ ആന്റണി, പി ജെ ചെറിയാൻ തുടങ്ങിയവരുടെ ആത്മകഥകൾ കലാത്മക വിഭാഗ ത്തിൽപ്പെടുന്നവയാണ്.

ആത്മകഥാരചനയ്ക്ക് വൈകാരികം (Emotional), വൈജ്ഞാനികം(Intellectual) എന്ന് രണ്ട് രചനാങ്കേതങ്ങൾ ഉണ്ട്. ആത്മസത്ത പ്രകടിപ്പിക്കാനുള്ള തിടുക്കത്തിൽ വേണ്ടത്ര വിവേചനം കൂടാതെ എഴുതുന്ന ആത്മകഥകളിൽ വൈകാരികാംശത്തിനു വികാരവിവേചനത്തോടെ അനുഭവങ്ങളെ വിലയിരുത്തി അടുക്കും ചിട്ടയുമായി അവ തരിപ്പിക്കുന്ന ആത്മകഥകൾ പ്രജ്ഞാപരമായ ഘടകത്തിനുമാണ് പ്രാധാന്യം.

വ്യക്തിയുടെ ജീവിതം ചിത്രീകരിക്കുമ്പോൾ കാലഘട്ടം,രാഷ്ട്രീയം, സാമൂഹിക സാംസ്കാരിക ജീവിതം, ആചാരങ്ങൾ, സർഗ്ഗാത്മകത, സ്വത്വം,തുടങ്ങിയവയുടെ പ്രതി ഫലനം ആത്മകഥയിൽ കാണുവാൻ സാധിക്കും. ആത്മാർത്ഥത,ലാളിത്യം, ആർജ്ജവം എന്നിവയാണ് ആത്മകഥാകാരന് ഉണ്ടായിരിക്കേണ്ട അത്യാവശ്യ ഗുണങ്ങൾ. തനിക്ക് അരോചകമായിട്ടുള്ള കാര്യങ്ങൾ പോലും സത്യസന്ധമായി തുറന്ന് പറയാനുള്ള ആർ ജ്ജവവും എഴുതുന്ന വിഷയത്തോടുള്ള ആത്മാർത്ഥതയും വസ്തുനിഷ്ഠതയും ആത്മകഥാകാരനെ സത്യസന്ധനാക്കുന്നു.

### 1.11. ആത്മകഥ ഇന്ന്

വൈവിധ്യമാർന്ന അപഗ്രഥനങ്ങൾ സാംസ്കാരിക പഠനമേഖലയിൽ നടത്തു വാൻ ഇന്ന് ആത്മകഥാശാഖയ്ക്ക് കഴിയുന്നുണ്ട്. വംശീയവും വർഗീയവും ലൈംഗിക വുമായ ദേശീയ ന്യൂനപക്ഷങ്ങളെക്കുറിച്ച് അവയുടെ സ്വത്വപ്രതിനിധാനങ്ങളെക്കുറിച്ച് വളരെ വിശാലമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈവിധ്യമായ പഠനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എഴുത്ത് അറിയാവുന്നവർക്ക് മാത്രമേ ആത്മകഥ എഴുതു വാൻ സാധിക്കുകയുള്ളൂ എന്ന ധാരണ ഇന്ന് തകർന്നിരിക്കുന്നു. തമസ്കരിക്കപ്പെട്ട, പ്രാന്തവത്കൃത സമൂഹങ്ങളായ ദളിതർ, വേശ്യകൾ, ലൈംഗിക തൊഴിലാളികൾ, സ്വവർഗ അനുരാഗികൾ, കള്ളന്മാർ, എയ്ഡ്സ് രോഗികൾ,മാഫിയാ സംഘങ്ങൾ ഹിജ ഡകൾ, നടിമാർ തുടങ്ങിയവരുടെ വാമൊഴികൾ ഇന്ന് ശക്തമായി മുന്നോട്ടു വരുന്ന ഒരു വർത്തമാനകാല സാഹചര്യമാണുള്ളത്.

ആത്മകഥനത്തിന് ഒരാളെ പ്രേരിപ്പിക്കുന്നത് പല ഘടകങ്ങളാണ്. സ്വന്തം നേട്ട ത്തിലുള്ള അഭിമാനം മറ്റുള്ളവരെ അറിയിക്കാനും താൻ നേരിട്ട് പീഡനങ്ങളും അടിച്ച മർത്തലുകളും മറ്റുള്ളവരെ ബോധ്യപ്പെടുത്താനും ആത്മകഥയെഴുതാം. തന്റെ ജീവി

തത്തെ മൊത്തത്തിൽ വിലയിരുത്തുകയാണ് ആത്മകഥാരചനയിലൂടെ ഒരാൾ ചെയ്യുന്നത്. ജീവിതത്തിൽ നേരിടേണ്ടി വന്ന സമ്മർദ്ദങ്ങൾ,ഉയർച്ചകൾ, താഴ്ചകൾ, മറ്റു വ്യക്തികളുടെ ഇടപെടലുകൾ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ എല്ലാം ആ വ്യക്തിയെ എങ്ങനെ പരുവപ്പെടുത്തിയെന്നത് ആത്മകഥയിലൂടെ അവൻ/അവൾ വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

ആത്മകഥയുടെ അന്തസത്ത എന്നത് വ്യക്ത്യനുഭവങ്ങളുടെ ബഹിർമുഖവും അന്തർമുഖവും ആണ്. വ്യക്തിജീവിതത്തെ മലർക്കെ തുറന്നു തരുന്ന രചനാമാർഗ്ഗം എന്ന നിലയിലും സാഹിത്യ പ്രസ്ഥാനം എന്ന നിലയിലും ആത്മകഥയ്ക്ക് ശ്രദ്ധേയമായ ഒരു സ്ഥാനമുണ്ട്.

# അദ്ധ്യായം രണ്ട്

# മല്ലികാവസന്തം:

# സ്വത്വവും ആഖ്യാനവും

## അദ്ധ്യായം രണ്ട്

## മല്ലികാവസന്തം: സ്വത്വവും ആഖ്യാനവും

പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിതം എന്ന നിലയിലാണ് ക്വീർ സാഹിത്യം ശ്രദ്ധേയമാകുന്നത്. ഒരു ക്വീർ ജീവിതം ആത്മകഥയായി രൂപപ്പെടുമ്പോൾ ഉണ്ടാകുന്ന അസാധാരണമായ വായനാനുഭവമാണ് വിജയരാജമല്ലികയുടെ മല്ലികാവസന്തം.

വിദ്യാസമ്പന്നയും മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ കവിയും സാമൂഹിക പ്രവർത്തകയും എഴുത്തുകാരിയുമാണ് വിജയരാജമല്ലിക. മുപ്പത് വയസ്സ് വരെ മനു ജെ കൃഷ്ണനായും പിന്നീട് വിജയരാജ മല്ലികയുമായി ജീവിക്കുന്ന ഒരു മനുഷ്യാവസ്ഥയുടെ തുറന്നുപറച്ചിലുകളാണ് മല്ലികാവസന്തം എന്ന പുസ്തകം. ഒരു സ്ത്രീയുടെയും പുരുഷന്റെയും വൈകാരിക അനുഭവങ്ങളുടെ സംഘർഷങ്ങളാണ് ട്രാൻസ്ജെൻഡർ ജീവിതം. കഠിനമായ അനുഭവങ്ങളെയും സമൂഹത്തിന്റെ രണ്ടാം നോട്ടങ്ങളെയും അതിജീവിച്ച പെൺകരുത്തിന്റെ കഥ കൂടിയാണിത്.

എല്ലാ ട്രാൻസ്ജെൻഡർ മനുഷ്യർക്കും പറയാൻ ഒരു കഥയുണ്ടാവും. എന്നാൽ വിജയരാജമല്ലികയ്ക്ക് പറയാനുള്ളത് കഥകൾ മാത്രമല്ല,അവർ കടന്നുവന്ന വഴികളിലെ ഓർമ്മകളും അനുഭവങ്ങളും നാഴികക്കല്ലുകളുമാണ്. ട്രാൻസ് വുമണിന്റെ തുറന്നുപറച്ചിലുകളാണ് അവ. മുപ്പതു വർഷം ആണായും പിന്നെ പെണ്ണായും ഉള്ള ജീവിതത്തെ ഒരു ശാപമോക്ഷം ആയിട്ടല്ല വിമോചന സമരം ആയിട്ടാണ് ആഖ്യാതാവ് അടയാളപ്പെടുത്തുന്നത്. സ്വയം ഒരു ചരിത്രമാകാൻ മല്ലിക ശ്രമിക്കുന്നു. വരുംതലമുറയിലെ ട്രാൻസ്ജെൻഡർ മനുഷ്യർക്കും ആൺപെൺ കള്ളികളിലേക്ക് ഒതുങ്ങുവാൻ ആഗ്രഹിക്കാത്തവർക്കും ഒരു പ്രചോദനമാകാൻ വിജയരാജമലികയ്ക്ക് കഴിയുന്നു. ആണിനും പെണ്ണിനും ഇന്റർ സെക്സിനും ട്രാൻസ്ജെൻഡർ മനുഷ്യർക്കും അന്തസ്സോടെ ജീവിക്കാനുള്ള ഇടമാവണം ഭൂമി എന്ന് പ്രത്യാശിക്കുന്ന വിജയരാജമല്ലിക ഒരു ഇന്റർസെക്സ്, ട്രാൻസ്ജെൻഡർ ആയിരുന്നില്ല മറിച്ച് അവൾ ഒരു പാഠപുസ്തകമാണ് എന്ന് ലോകം പറയണം എന്ന രീതിയിലേക്ക് ആത്മകഥാഖ്യാനത്തെ ബോധപൂർവ്വം നിർവഹിക്കാനാണ് കൃതിയിലൂടെ ശ്രമിച്ചിട്ടുള്ളത്.

## 2.1. കുട്ടിക്കാലം

ഒരു സാധാരണ കുടുംബത്തിലാണ് മനു ജെ. കൃഷ്ണൻ എന്ന വിജയരാജമല്ലികയുടെ ജനനം. അച്ഛനും അമ്മയും ചേച്ചിയും അടങ്ങുന്ന സന്തുഷ്ടകുടുംബം. ബാല്യത്തിൽ പെണ്ണാണോ ആണാണോ എന്ന വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല. എങ്കിലും നാലാം ക്ലാസ്സോടെ പെൺകുട്ടിയായി മാറുന്നു എന്ന തോന്നൽ എഴുത്തുകാരിക്ക് ഉണ്ടായിരുന്നു. ചെറിയ പ്രായത്തിൽ തന്നെ മുതിർന്ന പുരുഷന്മാരോട് തോന്നിയ പ്രണയം,ആരാധന ഇതെല്ലാമാണ് തോന്നലിന് കാരണമായി എഴുത്തുകാരി പങ്കുവയ്ക്കുന്ന ഘടകങ്ങൾ. ആറാം ക്ലാസ്സോടെ പെൺകുട്ടിയാണെന്ന സന്ദേഹം എഴുത്തുകാരിയുടെ ഉള്ളിൽ ശക്തമായി വന്നു. മുൻജന്മത്തിലും പുനർജന്മത്തിലും വിശ്വാസം വെച്ചു പുലർത്തിയ എഴുത്തുകാരിക്ക് മുൻജന്മത്തിൽ താനൊരു സ്ത്രീ ആയിരുന്നിരിക്കണം എന്നൊരു വിശ്വാസമുണ്ട്. അതുകൊണ്ടാണ് ചെറുപ്പംമുതൽക്കേ സ്ത്രീയുടെ കാമനകൾ പിടിമുറുക്കിയത് എന്ന് വിശ്വസിക്കുന്നു.

ആൺകുട്ടികൾക്ക് പെൺ ഭാവങ്ങൾ ഒട്ടും വരാൻ പാടില്ലായിരുന്നു. വന്നാൽ അവനെ ഖാണ്ടു എന്ന് വിളിച്ച് പരിഹസിക്കുന്ന അധ്യാപകരെക്കുറിച്ച് അധ്യായത്തിൽ വേദനയോടെ ഓർക്കുന്നുണ്ട്. ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോൾ കൂടെയുള്ള ആൺ സുഹൃത്തുക്കൾ പിണങ്ങിയതും, ഡെസ്റ്റിനടിയിൽ ആരോ ഒരു പെൺകുട്ടിയുടെ നഗ്നചിത്രം വരച്ചുവച്ചു. ഇത് പരാതി പറയാൻ പോയ പെൺകുട്ടികളുടെ കൂടെയുള്ള ഏക ആൺകുട്ടിയാലും തന്റെ ഉള്ളിലെ സ്ത്രൈണത്തെ എഴുത്തുകാരി തിരിച്ചറിയുകയായിരുന്നു.വേദന നിറഞ്ഞ കുട്ടിക്കാലം ആയിരുന്നു എഴുത്തുകാരിയുടെത്. അധ്യാപകരുടെയും സുഹൃത്തുക്കളുടെയും പരിഹാസങ്ങളും ചൂഷണങ്ങൾക്കും വിധേയമാകേണ്ടി വന്ന ബാല്യം. അച്ഛനും അമ്മയും സഹോദരിയും ഉൾപ്പെടെ കെട്ടുറപ്പുള്ള കുടുംബം ആയിരുന്നു എങ്കിലും പലപ്പോഴും നേരിടുന്ന ചൂഷണങ്ങളും മാനസികാവസ്ഥകളും അവരുമായി എഴുത്തുകാരിക്ക് പങ്കുവയ്ക്കാൻ കഴിഞ്ഞിരുന്നില്ല. കുറ്റിക്കാടുകളിലും, സെമിത്തേരിയിലും, ഇരുട്ടിന്റെ മറവിൽ വെച്ചും അവരുടെ പൗരുഷം പരീക്ഷിച്ചു ആൺപദവിയിലേക്ക് കയറുമ്പോൾ ഉടലിനും മനസ്സിനും ഏറ്റ മുറിവുകൾ ഇന്നും മായാതെ തന്നെ എഴുത്തുകാരിയുടെ ഉള്ളിൽ കിടപ്പുണ്ട്. കാലമെത്ര കഴിഞ്ഞാലും ഇന്നും വേദനയോടെ ഓർക്കുന്ന ഒരു ഓർമ്മയാണെന്നും സൂചിപ്പിക്കുന്നു. “അതെ ഇത് ഞാൻ അനുഭവിക്കേണ്ട വിധി. അതിനെ മാറ്റിമറിക്കാനുള്ള സമരമായിരുന്നു എന്റെ ജീവിതം”( വിജയരാജമല്ലിക,19:2019).

പെൺനടത്തവും പെൺശബ്ദവും കാരണം ആൺകുട്ടികളിൽ നിന്നും വേറിട്ട് നിർത്തുന്ന ഒരു ആൺകുട്ടിയായിരുന്നു മനു ജെ കൃഷ്ണൻ. പഠിക്കാൻ അത്ര മോശമല്ലായിരുന്നിട്ടും അധ്യാപകർ അവനെ നിരീക്ഷിക്കുന്നത് പതിവായിരുന്നു. ജാതിയും നിറവും സ്ത്രൈണ ഭാവങ്ങളും കൊണ്ട് ഒരു കുട്ടിയുടെ ബാല്യത്തിനേറ്റ മുറിവുകൾ ചെറുതായിരുന്നില്ല. അതുകൊണ്ടാണ് 'ബ്ലാക്കി' എന്ന വിളി ഭയന്ന് കത്തികൊണ്ട് തൊലി ചുരണ്ടി കളഞ്ഞു റോസ് പൗഡർ ശരീരത്തിൽ പൂശി പഠിക്കാൻ പോയ അവസ്ഥയും തനിക്ക് ഉണ്ടായത് എന്ന് കുട്ടിക്കാലത്തെ അവതരിപ്പിക്കുന്ന ഭാഗത്ത് എഴുത്തുകാരി ദുഃഖപൂർവം അടയാളപ്പെടുത്തുന്നത്. "ദളിത് സ്വത്വബോധത്തോടെ ജീവിക്കുമ്പോൾ പലപ്പോഴും പല മാറ്റിനിർത്തലുകളും ഒഴിവാക്കലുകളും അനുഭവിച്ചിട്ടുണ്ട്"(വിജയരാജമല്ലിക,102:2019).

സ്ത്രൈണതയെ പലപ്പോഴും അംഗീകരിക്കുകയായിരുന്നില്ല അവ പലപ്പോഴായി സ്വയമേ തോന്നുകയായിരുന്നു എന്നും മനു ജെ കൃഷ്ണൻ വിജയരാജമല്ലികയായി മാറുന്നു എന്നും പല സന്ദർഭത്തിൽ എഴുത്തുകാരിക്ക് അനുഭവപ്പെടാൻ തുടങ്ങി. ശിഖണ്ഡി എന്ന കൂട്ടുകാരുടെ വിളികൾ മനസ്സിന് ഏൽപ്പിച്ച മുറിവിന്റെ ആഘാതം വലുതായിരുന്നു. അധ്യാപകരിൽ ഹിന്ദി മാഷ് സ്ത്രൈണഭാവത്തെക്കുറിച്ച് പല പരാതികളും പറയുകയും ക്ലാസ്സിലെ മറ്റു കുട്ടികളുടെ മുന്നിൽ വച്ച് കളിയാക്കുകയും ചെയ്യുമ്പോൾ അധ്യാപകനിൽ നിന്നും ലഭിക്കേണ്ട കരുതലും സ്നേഹവും നഷ്ടമായ സ്കൂൾ ജീവിതത്തെക്കുറിച്ചും ആഖ്യാതാവ് ഓർത്തെടുക്കുന്നു.

ആൺകുപ്പായത്തിലെ പെണ്ണിന്റെ സങ്കടം അച്ഛനോടും അമ്മയോടും തുറന്നുപറയാൻ ആഗ്രഹിക്കുന്നുവെങ്കിലും മനസ്സിന്റെ ഭാരങ്ങളെ ഇറക്കിവയ്ക്കാൻ കഴിയാതെ പോയ നിമിഷങ്ങളും പങ്കുവയ്ക്കുന്നുണ്ട്. ഒറ്റപ്പെടലുകളും ഏകാന്തതയും മനസ്സിനേറ്റ മുറിവുകളുമായി ബാല്യകാലം നീങ്ങിയപ്പോൾ ബാല്യത്തിന്റെതായ കളിചിരികളും നല്ല സ്മരണകളും എഴുത്തുകാരി പങ്കുവയ്ക്കുന്നില്ല. ചൂഷണങ്ങളും ഇരുട്ടു നിറഞ്ഞ കുഞ്ഞുമനസിന്റെ വേദനയും ആയിരുന്നു എഴുത്തുകാരിക്ക് ബാല്യകാലം സമ്മാനിച്ചത്.

## 2.2 പ്രണയം

പ്രണയവും വിരഹവും ആഗ്രഹങ്ങളും സ്വപ്നങ്ങളും നെയ്തുകൂട്ടുന്ന കൗമാരകാലത്തെ എഴുത്തുകാരി അടയാളപ്പെടുത്തുന്നത് മാനസിക സംഘർഷങ്ങളെ

ചേർത്തുവച്ചു കൊണ്ടാണ്. മുതിർന്ന പുരുഷന്മാരെ കാണുമ്പോൾ മനു ജെ കൃഷ്ണ നിലെ വിജയരാജമല്ലികയാണ് ഉണരുന്നത്. ചെറിയ പ്രായം തൊട്ട് പുരുഷന്മാരോടുള്ള അടങ്ങാത്ത ആഗ്രഹങ്ങൾ ഉണ്ടായിരുന്നപ്പോഴും സമൂഹത്തെയും കുടുംബത്തെയും ഭയന്ന് വികാരങ്ങൾ ഉള്ളിൽ ഒതുക്കിയിരുന്നു. പന്ത്രണ്ടാം വയസ്സിലെ ആദ്യ പ്രണയം എഴുത്തുകാരിക്ക് മധുരമുള്ള ഓർമ്മയാണ് നൽകിയത്. അയൽക്കാരനോട് തോന്നിയ പ്രണയം തുറന്നു പറയാൻ ശ്രമിച്ചപ്പോഴും ഒരാണിന് മറ്റൊരാണിനോട് എങ്ങ നെയാണ് ഇഷ്ടം തോന്നുന്നത് എന്ന് അതിശയിച്ചവരുടെ മുൻപിൽ പെണ്ണിന് ആണിനോട് ആയിരുന്നു പ്രണയം എന്ന് തുറന്നു പറയാൻ കഴിയാതെ പോയ നിമി ഷത്തെക്കുറിച്ച് 'ആദ്യപ്രണയം അയൽക്കാരി' എന്ന അധ്യായത്തിൽ സൂചിപ്പിക്കു ന്നുണ്ട്. ''എന്റെ ആദ്യ പ്രണയം. ആ അയൽക്കാരി ഞാനായിരുന്നു. എന്റെ ആദ്യ വിവാ ഹം കഴിഞ്ഞു ആദ്യരാത്രിയുടെ കൗതുകങ്ങൾക്കായി വിളക്ക് അണക്കും എന്ന് ഉറപ്പാ യപ്പോൾ ആണിന്റെ ചട്ടയിൽ നിന്നും ചേട്ടന്റെ മടിത്തട്ടിലേക്ക് അവിടെനിന്ന് ഹൃദയ ത്തിലേക്ക് അഭിരമിക്കാൻ കഴിയാതെ പോയതിൽ ഞാൻ അന്ന് വിങ്ങിക്കരഞ്ഞു. അതാ യിരുന്നു എന്റെ ആദ്യ പ്രണയം''(വിജയരാജമല്ലിക,28:2019).

പല പുരുഷന്മാരോടും വെളിപ്പെടുത്തിയതും വെളിപ്പെടുത്താൻ കഴിയാതെ പോയതുമായ പ്രണയങ്ങൾ പരാതികളായും പ്രശ്നങ്ങളായുമാണ് ഭവിച്ചിട്ടുള്ളത്. സമൂ ഹം ഒരിക്കലും അംഗീകരിച്ചിരുന്നില്ല എന്ന വാസ്തവം അവർ ഉറപ്പിച്ചു പറയുന്നുണ്ട്. മാനസികരോഗം ഉള്ളവരാണ് ഇപ്രകാരം ചെയ്തുകൂട്ടുന്നത് എന്ന ധാരണ സമൂഹ ത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. അവയെ തിരുത്താൻ എഴുത്തുകാരിക്ക് കൗമാര കാലഘട്ടത്തിൽ സാധിച്ചിരുന്നില്ല. മനസ്സിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിരുന്നില്ല എന്നതിന്റെ തെളിവാണ് ഒരു രോഗിയെ പോലെ സൈക്യാട്രിസ്റ്റിന്റെ മുമ്പിൽ പോയി ടെസ്റ്റുകൾക്ക് വിധേയമാവേണ്ടിവന്നത്. ഈസ്ട്രജൻ കൂടുതലാണ് എന്ന് കണ്ടെത്തി യിട്ടും ആണിലേക്ക് കൊണ്ടുവരാനുള്ള ചികിത്സയാണ് എഴുത്തുകാരിയുടെ ജീവി തത്തെ മാറ്റിമറിച്ചത്. ആണല്ല എന്നറിഞ്ഞിട്ടും ആണിലേക്ക് കൊണ്ടുവരാനുള്ള ചികി ത്സയുടെ രീതികൾ വിവരിക്കുമ്പോൾ മനസ്സിനെയും ശരീരത്തെയും കീറിമുറിച്ച വേദ നയെക്കുറിച്ച് രേഖപ്പെടുത്തുമ്പോഴും എഴുത്തിൽ തെളിയുന്ന മാനസിക സംഘർഷ ങ്ങൾ വൈയക്തിക ജീവിതത്തിന്റെ നേർചിത്രങ്ങളാണ്.

ബിരുദത്തിനായി മെൻസ് ഒൺലി കോളേജിൽ ചേർന്നത് ആൺ ചുവരികൾ ക്കുള്ളിൽ സ്ത്രീത്വത്തിന് പുതിയ മാനങ്ങൾ നൽകാനുള്ള ശ്രമമായി ആഖ്യാതാവ്

വെളിപ്പെടുത്തുന്നുണ്ട്. കൗമാര കാലഘട്ടത്തിൽ തോന്നിയ കാമനകളെ വിവരിക്കുന്നതിലൂടെ വൈയക്തിക മനസ്സിന്റെ തുറന്ന ആഖ്യാനമാണ് എഴുത്തുകാരി നിർവഹിച്ചിരിക്കുന്നത്. പെണ്ണാണ് എന്ന് തിരിച്ചറിഞ്ഞ നാൾ മുതൽ തന്റെ ഉള്ളിലുള്ള കാമനകളെ തൊട്ടറിയാൻ ഒരു പുരുഷനെ എഴുത്തുകാരി ആഗ്രഹിച്ചിരുന്നു.കൗമാരവും യൗവനവും എത്തിയപ്പോൾ ആ പുരുഷനെ 'വസന്തസേനൻ' എന്ന് പേരിട്ടു വിളിച്ചു. വസന്തസേനന്റെ മല്ലികയാകാനും വസന്തസേനനിലൂടെ പ്രണയം സഫലീകരിക്കുവാനും വിജയരാജമല്ലിക ആഗ്രഹിച്ചിരുന്നു എന്നും ആത്മകഥയിലൂടെ തുറന്നുപറയുന്നുണ്ട്.

## 2.3. കാമനകൾ

പുരുഷന്മാരോടുള്ള അടങ്ങാത്ത രതികാമനകൾ സമൂഹത്തെയും കുടുംബത്തെയും ഭയന്നുകൊണ്ട് അടക്കിവെക്കാൻ എഴുത്തുകാരി എന്നും ശ്രമിച്ചിരുന്നു. എങ്കിലും തനിക്ക് നിയന്ത്രിക്കാൻ കഴിയാത്തവിധം അവ തന്നെ വേട്ടയാടിക്കൊണ്ടിരുന്നു എന്ന് എഴുത്തുകാരി പറയുന്നുണ്ട്.പലപ്പോഴും അടങ്ങാത്ത അഭിനിവേഷങ്ങൾ ഉണ്ടായപ്പോൾ പണംനൽകി ഒരു പുരുഷവേശ്യയെ കണ്ടെത്തുകയും അയാൾക്കൊപ്പം ഒരു ദിവസം ഒരുമിച്ച് ചെലവഴിക്കുകയും ചെയ്തു. അയാളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ എഴുത്തുകാരി ശ്രമിച്ചിരുന്നില്ല. കാരണം താനൊരു 'ഗേ' ആയിരിക്കുമോ എന്ന സംശയം മറ്റൊരാളിൽ ഉണ്ടാകുമോ എന്ന ഭയം മൂലമാണ് എന്ന് പറയുന്നിടത്ത് കൗമാര കാലഘട്ടത്തിൽ ഇനിയും സ്വത്വത്തെ വെളിപ്പെടുത്താൻ കഴിയാതെ സമൂഹത്തിന്റെ സദാചാര വീക്ഷണങ്ങൾക്കകത്ത് ഉഴറിനിൽക്കേണ്ടിവരുന്ന അവസ്ഥയാണ് വെളിപ്പെടുത്തുന്നത്. അമിതമായ രതിമോഹങ്ങൾ ഉണ്ടാകുമ്പോൾ പണം നൽകി മറ്റുപുരുഷന്മാരെ കൊണ്ട് തെറിവിളിപ്പിക്കുകയും അശ്ലീല പദപ്രയോഗങ്ങൾ പറയുകയും ചെയ്യുന്നതിലൂടെ ആനന്ദം കണ്ടെത്തിയിരുന്നു എന്നും എഴുത്തുകാരി വിവരിക്കുന്നുണ്ട്. തന്റെ രതികാമനകളെ തൃപ്തിപ്പെടുത്താൻ വസന്തസേനൻ വരുമെന്ന് ആഗ്രഹിച്ചിരുന്നു. സ്വപ്നങ്ങളിൽ ആ വസന്തസേനനെ കണ്ട് സ്വന്തം ശരീരത്തെ തൃപ്തിപ്പെടുത്തിയിരുന്നു.

ചില്ലു ഗ്ലാസുകൾ ഭിത്തിയിൽ ഉടച്ച് പൊട്ടിക്കുമ്പോൾ തന്റെ ഉള്ളിലെ പെണ്ണിന്റെ മോഹങ്ങളെ എറിഞ്ഞുടയ്ക്കുന്നത് പോലെയാണ് എന്ന് എഴുത്തുകാരിപറയുന്നു. പച്ചക്കറികൾ ഉപയോഗിച്ച് അടക്കിവയ്ക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല തന്റെ ലൈംഗികാനുഭൂതി എന്ന് എഴുത്തുകാരി പറയുമ്പോൾ തുറന്നു പറയാൻ കഴിയാത്ത അവരുടെ രതികാമനകളെയാണ് ഇവിടെ കാണാൻ സാധിക്കുന്നത്. ഒരിക്കലെങ്കിലും

ലൈംഗിക സുഖംഅറിയണമെന്ന് ആഗ്രഹിച്ച വിജയരാജമല്ലിക ഒരാളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും അതുതന്നെ അത്രമേൽ തൃപ്തിപ്പെടുത്തിയിട്ടില്ല എന്നും ആത്മകഥയിൽ രേഖപ്പെടുത്തുന്നുണ്ട്. "ഗതികെട്ട് ഞാൻ ഒരാളുമായി ലൈംഗികബന്ധ ത്തിന് തയ്യാറായി. പക്ഷേ അവിടെ എനിക്ക് കാണാൻ കഴിഞ്ഞത് ഓടും മുൻപേ ഓഫാകുന്ന ഒരു പഴയ കാറിനെ ആയിരുന്നു. അയാൾക്ക് എന്റെ കയ്യിൽ നിന്നും കുറെ അടി കിട്ടി"(വിജയരാജമല്ലിക,39:2019). മറ്റൊരാൾക്ക് പോലും തന്നിലെ രതികാമ നകളെ ഉണർത്താനോ തൃപ്തിപ്പെടുത്താനോ കഴിഞ്ഞിട്ടില്ല എന്നും അതിനായി തന്റെ ഉള്ളിലെ വസന്തസേനന് കഴിയുമെന്ന് എഴുത്തുകാരി വിശ്വസിച്ചിരുന്നു. പൂർത്തിയാ ക്കാൻ കഴിയാത്ത തന്റെ കാമനകളും ആയി വസന്തസേനനെ കാത്തിരിക്കുന്ന വിജയ രാജമല്ലികയെ ആത്മകഥയിൽ കൗമാര കാലഘട്ടം വിവരിക്കുന്നിടത്ത് കാണാൻ സാധി ക്കുന്നുണ്ട്.

## 2.4. വിവാഹം

ട്രാൻസ് ജീവിതത്തിനു മുമ്പും ശേഷവുമുള്ള വൈവാഹിക ജീവിതത്തെ ആത്മ കഥയിൽ എഴുത്തുകാരി ആവിഷ്കരിക്കുന്നുണ്ട്. സ്വത്വത്തെ വെളിവാക്കാൻ പറ്റാതെ കുടുംബത്തിലും പങ്കാളിയുടെ മുമ്പിലും സമൂഹത്തിലും അകപ്പെട്ടുപോയ ഒരു പുരുഷ ജീവിതവും,സ്വത്വത്തെ വെളിപ്പെടുത്തി തന്റെ സ്വപ്നങ്ങളിലെ വസന്തസേനനെ പോലെയുള്ള പങ്കാളിയുമൊത്തുള്ള സുഖകരമായ ദാമ്പത്യത്തെ അടയാളപ്പെടുത്തുന്ന രണ്ടാം വിവാഹവും ആത്മകഥയിൽ ആഖ്യാനം ചെയ്യുന്നുണ്ട്.

മാതാപിതാക്കളുടെ നിർബന്ധത്തിനും യാചനയ്ക്കും വഴങ്ങി ആദ്യ വിവാഹം കഴിക്കേണ്ടിവന്ന അവസ്ഥയും സ്വത്വത്തെ വെളിപ്പെടുത്താനുള്ള മാനസികശേഷി കൈവന്നതിലൂടെ ട്രാൻസ്ജെൻഡറാണെന്നു തുറന്നുപറയുകയും ആദ്യ വിവാഹം അവസാനിപ്പിക്കുകയും ചെയ്ത വിവരങ്ങൾ വൈകാരികമായിത്തന്നെ ആത്മകഥയിൽ രേഖപ്പെടുത്തുന്നുണ്ട്. ''നാണമില്ലേ ഇങ്ങനെ പെൺവേഷംകെട്ടി നടക്കാൻ. ഇതായി രുന്നു ഭാര്യ എന്ന സ്ത്രീ എന്നോട് അവസാനമായി പറഞ്ഞ വാക്യം'' (വിജയരാജ മല്ലിക,57:2019).

## 2.5. സർഗ്ഗാത്മക ജീവിതം

ഏഴാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി കവിത എഴുതുന്നത് എന്ന് എഴുത്തുകാരി ഓർക്കുന്നു. പ്രണയാതുരയായ വിരഹിണിയെ തിരിച്ചറിഞ്ഞ് അധ്യാപകരും സുഹൃത്തുക്കളും ആൺകുട്ടികളെപ്പോലെ എഴുതുവാൻ എഴുത്തുകാരിയോട് ആവശ്യപ്പെട്ടു. മനസ്സിന്റെ ഭാരങ്ങളും ഏകാന്തതയും മറക്കുവാൻ എഴുത്തുകൾ കൊണ്ട് മാത്രമാണ് വിജയരാജമല്ലികയ്ക്ക് കഴിഞ്ഞത്. കൂടെയുള്ളവരുടെ പരിഹാസങ്ങളും അവഗണനയും സഹിക്കവയ്യാതെ മഷികുടിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചു. ''മഷികുടിച്ച് മരിക്കാൻ ശ്രമിച്ച എനിക്ക് മഷി തന്നെ ജീവിതം തന്നത് യാദൃശ്ചികം''(വിജയരാജമല്ലിക,17:2019).

പിന്നീട് എഴുത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും കവിതകൾ രചിക്കുകയും കവിതാസമാഹാരങ്ങൾ പുറത്തിറക്കുകയും ചെയ്തു. മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ കവിയായി പി. ഗീതയാണ് വിജയരാജമല്ലികയെ വിശേഷിപ്പിച്ചത്. "പെണ്ണെഴുത്തുകാരികൾക്കൊപ്പം പെണ്ണായി തീർന്നവൾ"(വിജയരാജമല്ലിക,79:2019). ആ വിശേഷണം എഴുത്തുകാരിക്ക് കൂടുതൽ ഊർജ്ജവും ആത്മവിശ്വാസവും നൽകിയെന്നും ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറിയതും ഒരു കവിയായി അറിയപ്പെടുന്നുവെങ്കിൽ അതിന് കടപ്പാട് പി ഗീതയോട് ആണെന്നും എഴുത്തുകാരി ആത്മകഥയിൽ രേഖപ്പെടുത്തുന്നുണ്ട്. ''എഴുത്ത് എനിക്ക് ഒരു തരത്തിൽ വേദന സമാഹാരിയാണ് ഇന്നും'' (വിജയരാജമല്ലിക ,17:2019).

ഒരു കവിയായി മാറിയതിനു ശേഷം നിരവധി അംഗീകാരങ്ങൾ തേടി വരികയും സമൂഹം തന്നെ അംഗീകരിക്കുകയും ചെയ്തുവെന്നും എഴുത്തുകാരിപറയുന്നു. ''എന്റെ വാഴകൾ ഒന്ന് കുലച്ചോട്ടെ ആണിനും പെണ്ണിനുമപ്പുറമുള്ളതെല്ലാം വൈകൃതമായി കാണുന്ന സമൂഹത്തോടാണ് എനിക്ക് കലഹിക്കേണ്ടി വരുന്നത് .അതാണ് എന്റെ കവിതയും"( വിജയരാജമല്ലിക,150:2019). രണ്ടായിരത്തി പതിനാറിൽ ആദ്യ പുരസ്കാരം ലഭിക്കുകയും എഴുത്തിലേക്കുള്ള ട്രാൻസ്ജെൻഡർ കടന്നുവരവിനെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ലഭിച്ച അരളി അവാർഡ് ഏറ്റുവാങ്ങുമ്പോൾ അത് കാണാൻ അമ്മയും അച്ഛനും അരികിൽ ഉണ്ടായിരുന്നുവെങ്കിൽ എന്ന് വേദനയോടെ എഴുത്തുകാരി കൂട്ടിച്ചേർക്കുന്നു. തനിക്ക് ലഭിച്ച അംഗീകാരങ്ങളും സമൂഹം തന്നെ അംഗീകരിക്കുന്ന നിമിഷങ്ങളുമെല്ലാം ആത്മകഥയിൽ ഉൾപ്പെടുത്തുകയും അവയുടെ

ചിത്രങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് ആത്മകഥകളിൽ നിന്നും വിജയരാജമല്ലിക യുടെ ആത്മകഥ വേറിട്ട് നിൽക്കുന്നതും ഇതുകൊണ്ട് തന്നെ.

## 2.6.ദ്വന്ദ്വ വ്യക്തിത്വം

ആഖ്യാതവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് ഇരട്ട വ്യക്തിത്വം.''ദ്വന്ദ്വ(Double) ഭാവമെന്നും അപര(Other) ഭാവം എന്നുമുള്ള സ്വത്വ വിഭജനം എഴുത്തുകാരുടെ അനു കമ്പ സ്പഷ്ടമാക്കുന്നതിനോ സ്വയം സ്ഥാനാന്തരണം ചെയ്യുന്നതിനോ ഉള്ള ഒരു സാഹിത്യസാങ്കേതമാണ്. ദ്വന്ദ്വം സാധാരണമായി എഴുത്തുകാരുടെ പ്രതിനിധി യാണ്''(പ്രശാന്ത് കുമാർ എൻ, 37:1998). എഴുത്തുകാരി അനുഭവിക്കുന്ന മാനസിക വിസ്ഫോടനത്തിന്റെ ഫലമായി ഉണ്ടാകുന്ന സംഘർഷമാണ് ആത്മകഥയിൽ ആവിഷ്ക രിച്ചിരിക്കുന്നത്. '' ഞാൻ മനുവല്ല, എനിക്ക് മനുവാകേണ്ട'' (വിജയരാജമല്ലി ക,165 :2019). ഒരേസമയം ഇരട്ട വ്യക്തിത്വമായിരിക്കുമ്പോൾ മനസ്സ് എപ്പോഴും സംഘർ ഷഭരിതം ആയിരിക്കും. തന്റെ ഇച്ഛകൾക്കനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരു മനസ്സും സാമൂഹിക നീതിയിലകപ്പെട്ടു കിടക്കുന്ന അപരനുമായി നിരന്തരം സംഘർഷ ത്തിൽ ഏർപ്പെടുന്നതുമായ ദ്വന്ദ്വമാനമാണ് എഴുത്തുകാരിയുടെത്. "ഇന്റർസെക്സ് സ്വത്വത്തിൽ ഞാൻ അഭിമാനിക്കുന്നു. ആണും പെണ്ണും ചേർന്ന ശരീരത്തിൽ ആനന്ദം കൊള്ളുന്നു. ഞാൻ ഇങ്ങനെ പിറന്നതിൽ ,വളർന്നതിൽ എന്റെ ഇടങ്ങളിൽ ജീവിച്ചു പൊരുതുമ്പോൾ ഒറ്റപ്പെടുത്തിയ ലോകത്തോട് പകയോ പരിഭവമോ ഇല്ല( വിജയരാജ മല്ലിക,167:2019).

ഒരാൾ എന്തുകൊണ്ട് തന്നിൽ നിന്നും പുറത്തുകടക്കാനുഴറുന്നു എന്ന് കണ്ടെത്തുന്നത് അയാളുടെ ദുരന്തം മാറുന്ന ജീവിതത്തെ തിരിച്ചറിയുമ്പോഴാണ്. ദുരന്തം അനുഭവിക്കുന്ന പീഡവർഗ്ഗത്തിൽ മുഖ്യമായും ട്രാൻസ്ജെൻഡർ വ്യക്തിക ളാണ്. അവരുടെ ജീവിതദുരന്തം കുടുംബത്തിനകത്ത് നിന്ന് തന്നെ തുടങ്ങുന്നു.

## 2.7 കവിതാപഠനം

മലയാളത്തിലെ ആദ്യ ട്രാൻസ് ജെൻഡർ കവിയായ വിജയരാജമല്ലികയുടെ 'സദാചാരപ്പനി' എന്ന കവിതയിലും, സാമൂഹികവിമർശനമുണ്ട്. ജീവിക്കാനനുവദിക്കാ ത്തവിധം ചുറ്റുപാടുകൾ അലോസരപ്പെടുത്തുന്നത് കവിത പങ്കുവെക്കുന്നു. ആചാ രമെല്ലാം സദാചാരമാകുന്നതും, നിയമങ്ങൾ എന്നത് സമൂഹത്തിന്റെ

നിയമങ്ങളാകുന്നതും ആശങ്കയോടെ കവി നോക്കിക്കാണുന്നു. ട്രാൻസ് വ്യക്തിത്വങ്ങളെ മനസ്സിലാക്കാനോ, അവരുടെ ശാരീരികമാനസിക സംഘർഷങ്ങളെ കണ്ടെത്താനോ ആരും ശ്രമിക്കാറില്ല എന്ന വിമർശനവും കവിതയിലുണ്ട്. തങ്ങളുടെ മാംസങ്ങൾ പച്ചയ്ക്കു തിന്നാൻ വരുന്ന കരടികളെയും ഇതേ കവിത പ്രശ്നവത്കരിക്കുന്നു. ''കുറ്റബോധത്തിന്റെ കറ കഴുകീടുവാൻ വെള്ളമുണ്ടാവില്ല'' എന്ന് പറയുമ്പോഴും ''രക്തവും മജ്ജയും ഉള്ള മനുഷ്യരാണ്'' (ദൈവത്തിന്റെ മകൾ,57:2018) എന്ന് പറയുമ്പോഴും വ്യതിരിക്തതയെ അംഗീകരിക്കാൻ മടിക്കുന്ന പൊതുബോധത്തെയാണ് കവി ശക്തമായ ഭാഷയിൽ വിമർശിക്കുന്നത്. കാലം കഴിഞ്ഞു പോകെ, മനുഷ്യാവകാശങ്ങൾ ഇനിയും നിഷേധിക്കുന്നതും സമൂഹത്തിന് ഭൂഷണമല്ലെന്ന സന്ദേശവും കവിത പങ്കുവെയ്ക്കുന്നു. 'പാടുകൾ'എന്ന കവിതയിലാകട്ടെ, ''നിൻറെ കണ്ണട ഞാൻ ധരിച്ചിട്ടും നീ എന്നിൽ കണ്ട ഭിന്നത ഞാൻ നിന്നിൽ കണ്ടില്ലല്ലോ എന്നും കുഴപ്പം കണ്ണടയ്ക്കോ അതോ കാഴ്ചപ്പാടുകൾക്കോ'' (ദൈവത്തിന്റെ മകൾ, 76:2018) എന്നും കവി ചോദിക്കുന്നുണ്ട്. മാറേണ്ടത് കാഴ്ചപ്പാടുകൾ തന്നെയാണെന്ന് കവി സൂചിപ്പിക്കുന്നു.സാഹിത്യകാരൻമാരായ പുരുഷന്മാർക്ക് ഒട്ടേറെ പിഴവുകൾ ചൂണ്ടിക്കാണിക്കാവുന്നവയാണ് മല്ലികയുടെ കവിതകൾ. പക്ഷെ അവൾ മലയാളസാഹിത്യത്തിൽ പിച്ചവെച്ചു തുടങ്ങുന്നു. അതുകൊണ്ട് ഈ കവിതകളെ ചെവികൊണ്ടോ, കണ്ണുകൊണ്ടോ അല്ല ഹൃദയം കൊണ്ടാണറിയേണ്ടത്. യുക്തികൊണ്ടല്ല , വികാരംകൊണ്ടാണളക്കേണ്ടത്. ആണും പെണ്ണുമല്ലാത്തവരെ / ആയവരെപ്പറ്റി ട്രാൻസ്ജെൻഡർ എഴുതിയ കവിത അവരുടെ സ്വത്വസംഘർഷം വ്യക്തമാക്കാൻ ആത്മാർഥമായി ശ്രമിക്കുന്നു. എന്നാൽ ആണും പെണ്ണുമല്ലാത്തവരെന്നു സമൂഹം വിളിച്ചവർ ഇന്റർ ട്രാൻസ്ജെൻഡറുകൾ എന്ന പേരിൽ സ്വയം പുറത്തുവന്നിരിക്കുന്നു. ആ വ്യക്തിയുടെ കവിതകൾ മലയാളത്തിലേക്ക് ആദ്യമായി കടന്നുവരുന്നു.അതാണ് വിജയരാജമല്ലികയുടെ കവിതകളെ പ്രസക്തമാക്കുന്നത്.

'ജനമൃതികൾ' എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ആശയം ലിംഗനീതിയാണ്. മനുഷ്യരൊഴികെ മറ്റ് ജീവജാലങ്ങളിലേക്ക് അവർ ആണോ പെണ്ണോ ആയിക്കൊള്ളട്ടെ ജനമൃതികൾ ബാധിക്കുന്നില്ല.മനുഷ്യരിൽ മാത്രമാണ് ആൺ,പെൺ നപുംസകലിംഗങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കുന്നുള്ളൂ. മത്സ്യമാണ് കവിതയിൽ ഇമേജായി കടന്നുവരുന്നത്. മനുഷ്യരുടെ അസ്തിത്വത്തിന്റെ ദിശാബോധങ്ങൾ തൊണ്ടയിൽ തറച്ചിറങ്ങുന്ന

മുള്ളുകളായി മാറുന്നു എന്ന യാഥാർത്ഥ്യത്തെ കവി 'ഏട്ടത്തല' എന്ന ഇമേജ് കൊണ്ട് അടയാളപ്പെടുത്തുന്നു.

'വ്യാപ്തി' എന്ന കവിത 'ക്വീർ' സമൂഹത്തെ അംഗീകരിക്കാത്ത ജനങ്ങളോടുള്ള പ്രതിഷേധമായാണ് മാറുന്നത്. ആഘോഷങ്ങളിൽ 'ക്വീർ' സമൂഹത്തെ ഉൾപ്പെടുത്താത്ത പൊതുബോധത്തെയാണ് കവിത വരച്ചുകാട്ടുന്നത്.

'താരദീപ്തി' എന്ന കവിത ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന വെല്ലുവിളികളും പ്രശ്നങ്ങളും അനാവരണം ചെയ്യുന്നു. ലിംഗനീതി എന്ന കവിത മനുഷ്യനീതിക്ക് വേണ്ടി പോരാടുന്ന സമൂഹം ലിംഗനീതി നടപ്പാക്കുന്നു ണ്ടോ എന്ന് ചോദിക്കുകയാണ്. ലിംഗ നീതിയാണ് ആദ്യം നടപ്പാക്കേണ്ടത്. 'ക്വീർ' വിഭാഗം കൂടി ഉൾപ്പെടുന്നതാണ് സമൂഹം എന്ന് ഉറപ്പിച്ചു പറയുവാൻ കവിതയിലൂടെ എഴുത്തുകാരിക്ക് സാധിക്കുന്നു. 'അർദ്ധനാരീ' എന്ന കവിതയിൽ പൂർണതയാൽ വാഴ്ത്തപ്പെടുന്ന അർദ്ധനാരീശ്വര ദൈവസങ്കല്പത്തെയും അപൂർണതയാൽ താഴ്ത്തപ്പെടുന്ന അർദ്ധനാരികളായ മനുഷ്യരെയും ചിത്രീകരിക്കുന്നു. മനുഷ്യ സങ്കല്പങ്ങളിൽ 'അർദ്ധനാരി'കൾക്ക് എവിടെയും നീതി കിട്ടുന്നില്ല എന്ന് ഉറപ്പിച്ച് പറയുകയാണ് എഴുത്തുകാരി. ഇനിയും നീതി കിട്ടാൻ സാധ്യതയില്ലെന്നും ആശങ്ക പ്രകടിപ്പിക്കുന്നതിനോടൊപ്പം സാമൂഹ്യനീതിയുടെ വൈരുദ്ധ്യങ്ങളെയും എടുത്തു കാട്ടുന്നു. ഈശ്വരനായി പുനർജനിച്ചാൽ ജന്മം സഫലമാകുമോയെന്നാണ് എഴുത്തുകാരി ചോദിക്കുന്നത്. മിത്തുകളെ അംഗീകരിക്കുന്ന സമൂഹം ചുറ്റുമുള്ള യാഥാർത്ഥ്യത്തോട് പുറം തിരിക്കുന്നു. അധികാരപ്രയോഗം കൊണ്ട് അടിച്ചമർത്തുന്ന സാമൂഹിക വ്യവസ്ഥയിൽ പ്രതീക്ഷകളറ്റ് മരുഭൂമി പോലെ വറ്റി വരണ്ട മനസ്സുകളിൽ നല്ല നാളെ ഉണ്ടാകുമോ എന്ന ചിന്തയും എഴുത്തുകാരി പങ്കുവയ്ക്കുന്നുണ്ട്.

'ഇര' എന്ന കവിത അടങ്ങാത്ത ലൈംഗിക കാമനകളെ വെളിപ്പെടുത്തുന്ന ഒന്നാണ്.പതിനഞ്ച് വയസ്സിൽ തുടങ്ങി തലമുടിയിൽ നരവീണിട്ടും അടങ്ങാത്ത കാമവാസനയെ തുറന്നു എഴുതുകയാണ് കവി. മുറി, ക്ലാസ്, കുളിക്കടവ്, മാന്തോപ്പ്, മൈതാനം എന്നിങ്ങനെയുള്ള ബിംബങ്ങൾ ഒന്നിന് പുറകെ ഒന്നായി കവിതയിൽ ആഖ്യാനം ചെയ്തിരിക്കുന്നു. ഈ കാവ്യബിംബങ്ങൾ വെളിവാക്കപ്പെടുന്നത് മറഞ്ഞിരുന്ന് തന്റെതുമാത്രമായ സ്വകാര്യ ഇടങ്ങളിൽ തൃപ്തിയടയുന്ന കാമവാസനകളിൽ തുടങ്ങി സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന കാമപൂരണത്തെയാണ്. കേവലം കാമത്തെ

മാത്രമല്ല ഇവിടെ ലൈംഗികാഭിനിവേഷം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രണയവും ലൈംഗികതയും ഒരേപോലെ കൊണ്ടുപോകുന്ന മനസ്സാണ്. അതുകൊണ്ടുതന്നെയാണ് കാമദേവൻ ഏൽപ്പിക്കുന്ന മുറിവുകൾ നൊമ്പരമായി എഴുത്തുകാരിക്ക് അനുഭവപ്പെട്ടത്.

രതിഭാവത്തിന്റെ മൂർത്തരൂപത്തെ വർണ്ണിക്കുന്ന കവിതയാണ് 'ഉടലെഴിയുമ്പോൾ'. ഉടലുകൾ ഒന്നാകുന്നത്വരെ കേവലം കൗതുകവും നിഗൂഢതയുടെ ചിത്രകൂടങ്ങളുമായ പുരുഷലിംഗങ്ങളുടെ കൂടിച്ചേരലും അതിൽ നിന്നുണ്ടാകുന്ന രതിമൂർച്ഛയുമാണ് സർപ്പ ഞരമ്പ് ,അഗ്നി എന്നീ ഇമേജുകളിലൂടെ കവിതയിൽ അവതരിപ്പിക്കുന്നത്. 'ഒരേ ദിശയിലേക്ക് ഓടുന്ന പാളങ്ങൾ കൈകോർക്കുന്നത് പോലെ' എന്ന് കവിതയിൽ പ്രയോഗിക്കുന്നത് പുരുഷലിംഗങ്ങളെ സൂചിപ്പിക്കുന്നുണ്ടെങ്കിലും 'ഞാൻ മറ്റൊരു ദേവിയായി നിന്റെ ദേവി'എന്ന പ്രയോഗത്തിൽ പുരുഷശരീരത്തിനുള്ളിലെ സ്ത്രീമനസിനെയാണ് അഥവാ ട്രാൻസിനെയാണ് അടയാളപ്പെടുത്തുന്നത്.

'നിധി' എന്ന കവിത രതികാമനകൾക്ക് വേണ്ടി പുരുഷൻ ഉപയോഗിച്ച ട്രാൻസ് വ്യക്തിയുടെ മനോവിചാരങ്ങളെ അടയാളപ്പെടുത്തുകയാണ്. ലൈംഗിക സുഖത്തിനായി ഇരുട്ടിൽ ട്രാൻസിനെ സമീപിക്കുന്ന പുരുഷൻ, ഭാര്യാഭർത്ത്യ ബന്ധം നിലനിൽക്കുന്ന കുടുംബവ്യവസ്ഥിതിയെ മുറുകെപ്പിടിക്കാൻ ശ്രമിക്കുന്നു. മുറുകെ പിടിക്കാൻ ശ്രമിക്കുന്ന കുടുംബവ്യവസ്ഥിതിയുടെ പൊള്ളയായ വശത്തെ എടുത്തുകാട്ടുവാൻ ഈ കവിത ശ്രമിക്കുന്നുണ്ട്.

'ഭൂകമ്പം' എന്ന കവിത രതികാമന തീർക്കാൻവേണ്ടി പെണ്ണിനെ സമീപിക്കുന്ന പുരുഷന്റെ വന്യമായ വികാരങ്ങളെ അടയാളപ്പെടുത്തുന്നു.പുരുഷന്റെ കാമപൂരണത്തിനായി അനുഗമിക്കുന്ന പെണ്ണ് തനിക്ക് ലഭിക്കാൻ പോകുന്ന നോട്ടുങ്ങളിൽ തൃപ്തിയാകുന്ന ചിത്രമാണ് കവിത വരച്ചിടുന്നത്. ജീവിക്കാൻ വേണ്ടി പൊതുനിരത്തുകളിലെ ഇരുണ്ട ഇടങ്ങളിലേക്ക് ലൈംഗികവൃത്തിക്ക് പോകേണ്ടിവരുന്ന പെണ്ണവസ്ഥയാണ് ഈ കവിതയിൽ വിവരിക്കുന്നത്.

'അവളിലെ അവൻ' എന്ന കവിത 'ട്രാൻസ്മാൻ' സമൂഹത്തിന്റെ മാനസിവ്യഥകളെ ആവിഷ്കരിക്കുന്നു. സ്ത്രൈണ ശരീരത്തിലെ പൗരുഷ മനസ്സിനെ അംഗീകരിക്കുവാൻ വിസമ്മതിക്കുന്ന പൊതുബോധത്തെ ഈ കവിതയിൽ കാണാം. കുടുംബ

ത്തിന്റെ ആഭിജാത്യം കാത്തുസൂക്ഷിക്കുവാൻ ആഭിചാരക്രിയകളും ഹോമങ്ങളും നടത്തി ഉള്ളിലെ പുരുഷനെ ഇല്ലാതാക്കുവാൻ ശ്രമിക്കുമ്പോഴും പുരുഷനാണെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് പെണ്ണുടലിൽ നിന്ന് മോചനം നേടുന്നു. ഇത്തരം പുരോഗമനത്തോട് സമൂഹം പുറംതിരിഞ്ഞു നിൽക്കുന്നു എന്ന് സ്ഥാപിക്കുകയാണ് ഈ കവിത. 'പ്രണയ വിപ്ലവം' എന്ന കവിത ട്രാൻസായി മാറിയ ജീവിതങ്ങളുടെ പ്രണയ തിരിച്ചറിവുകളെ ആവിഷ്കരിക്കുന്നു.

'മുറിവുകൾ' എന്ന കവിത വ്യക്തമായ രാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്നുണ്ട്.ജനിക്കാനിരിക്കുന്ന മക്കൾക്ക് ബൃഹന്നളയെന്നും ശിഖണ്ഡിയെന്നും പേരിടും എന്ന് പറയുന്നതിലൂടെ ഭാഷയിലൂടെ ട്രാൻസ് സമൂഹത്തിനേൽക്കുന്ന മുറിവുകളെ ഇല്ലാതാക്കാനുള്ള ശ്രമം നടത്തുന്നു. ആണും പെണ്ണും എന്ന കള്ളികളിലേക്ക് ഒതുങ്ങാതെ നന്മയുള്ള മനുഷ്യരായി ഭരണഘടന വായിച്ച് സമത്വം എന്തെന്നറിഞ്ഞ് വളരട്ടെ എന്ന പ്രത്യാശയാണ് എഴുത്തുകാരി പങ്കുവെക്കുന്നത്. എഴുത്തുകാരിയെക്കുറിച്ച് ബഹിയ എന്ന വ്യക്തി എഴുതിയ കവിതയും ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആൺശരീരത്തിലെ പെണ്ണിനെ തിരിച്ചറിഞ്ഞ് ആഖ്യാനം നടത്തുന്ന ഒരു കവിതയാണിത്. സമൂഹം തന്നെ അംഗീകരിക്കുന്നു എന്ന് മനസ്സിലാക്കിയ എഴുത്തുകാരി,തനിക്ക് ലഭിച്ച അംഗീകാരമായി ഈ കവിതയെ കാണുന്നു.

## 2.8. സാമൂഹിക സാംസ്കാരികജീവിതം

ട്രാൻസ്ജെൻഡർ വ്യക്തികൾ സമൂഹത്തിന്റെ രണ്ടാം നോട്ടങ്ങളെ ഭയപ്പെടേണ്ടതുണ്ട്. "അവർ കുറെ മേക്കപ്പ് ഇട്ടുവന്നു കുറെ ഗോഷ്ഠികൾ കാണിക്കും"( വിജയരാജമല്ലിക, 103:2019). അവഗണനയും ചൂഷണങ്ങളും നിറഞ്ഞ സമൂഹത്തെയാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്നത്. പെൺകുട്ടികൾക്ക് കെട്ടിച്ചു വിടുന്ന വീട്ടിൽ ശൗചാലയം ഇല്ലെങ്കിൽ ചോദിക്കാൻ വിദ്യാബാലൻ ഉണ്ട്. ട്രാൻസ്ജെൻഡർ മനുഷ്യർക്ക് വേണ്ടി ചോദിക്കാൻ ആരുമില്ല എന്നും അത്തരത്തിലേക്ക് സമൂഹം ഉയർന്നിട്ടില്ല എന്നും ഇനി ഇതിൽ നിന്നും ഒരു മാറ്റം ഉണ്ടാകുമോ എന്ന ചോദ്യവും വിജയരാജമല്ലിക ആത്മകഥയിലൂടെ ഉന്നയിക്കുന്നു. നിങ്ങൾ ഒരു ട്രാൻസ്ജെൻഡർ ആണോ? എന്തിനാണ് ട്രാൻസ്ജെൻഡർ ആയത്?എന്നിങ്ങനെ ഉള്ള ചോദ്യങ്ങൾക്ക് കർക്കശമായ ഭാഷയിൽ എഴുത്തുകാരി മറുപടി നൽകുന്നുണ്ട്.മനു ജെ കൃഷ്ണൻ എന്ന തന്റെ പേരിൽ നിന്നു വിജയരാജമല്ലിക എന്ന ഔദ്യോഗിക പേരിലേക്ക് ഒരു മാറ്റത്തിനായി നിരവധി തവണ

ഓഫീസുകളിൽ കയറിയിറങ്ങുകയും ഒരു ട്രാൻസ്ജെൻഡർ വ്യക്തി എന്നതുകൊണ്ട് മാത്രം അവിടെയും പിന്തള്ളപ്പെട്ടു പോയതിന്റെ വേദനയും എഴുത്തുകാരി ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്.

ട്രാൻസ്ജെൻഡർ സ്വത്വത്തിൽ ജീവിതം ആരംഭിച്ചപ്പോൾ 'സഹജ്" എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചത് വിവരിക്കുന്ന ഭാഗത്ത് സാംസ്കാരിക രംഗങ്ങളിലേക്കിറങ്ങിച്ചെല്ലാനും തന്നെപ്പോലെയുള്ളവരെ ചേർത്തുപിടിക്കുവാനും എഴുത്തുകാരി നടത്തിയ ശ്രമങ്ങളിലൊന്നായി വ്യക്തമാക്കാൻ ആഖ്യാനത്തിലൂടെ സാധിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ പ്രശ്നങ്ങളും സ്വന്തം സ്വത്വത്തെ പുറത്തുകൊണ്ടുവരാൻ കഴിയാതെ മാനസികവും ശാരീരികവുമായി ബുദ്ധിമുട്ടുന്ന ആളുകളെയും 'സഹജ്" ഏറ്റെടുത്തിരുന്നു. പിന്നീട് ഈ പ്രസ്ഥാനം വലിയ വിജയമായിരുന്നില്ല എങ്കിലും ഒരു പരിധി വരെ ട്രാൻസ്ജെൻഡർ സമൂഹത്തിന് ഒരു താങ്ങായിരുന്നു ഈ പദ്ധതി.

സാമൂഹികപ്രക്രിയയിൽ ഇടപെടാനുള്ള വ്യക്തിയുടെ സാധ്യതകളാണ് അവരുടെ സ്വത്വത്തെ നിർണ്ണയിക്കുന്നത്. സ്ത്രീ,പുരുഷൻ എന്ന ലിംഗ അവസ്ഥകളെ സാമൂഹിക അവസ്ഥകളായി പരിവർത്തിപ്പിക്കുകയും വ്യക്തിസ്വത്വം എന്ന നിലയിൽ ആണിനെയും പെണ്ണിനെയും മാത്രമേ ഒരു സമൂഹം അംഗീകരിച്ചിട്ടുള്ളൂ എന്നും തുറന്നു പറയുന്നു. രാഷ്ട്രീയവും സാംസ്കാരികവും സാമൂഹ്യപരവുമായ വിഷയങ്ങളിൽ ഒരു ട്രാൻസ്ജെൻഡറുടെ താല്പര്യത്തെ സമൂഹം വിലയിരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ പൊതുജീവിതവും സ്വകാര്യജീവിതവും തമ്മിൽ വ്യക്തമായ അതിർവരമ്പുകൾ വരയ്ക്കാനും അത്തരം അതിർവരമ്പുകളെ ഭേദിക്കാൻ പലപ്പോഴും ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാധിക്കാറില്ല. ഒരു വ്യക്തിയെന്ന നിലയിൽ ട്രാൻസ്ജെൻഡറിനെ നിർവചിക്കുകയോ അടയാളപ്പെടുത്തുകയോ സമൂഹം ശ്രമിക്കുന്നില്ല. ശിഖണ്ഡി,ആണും പെണ്ണും കെട്ടത് എന്ന പേര് നൽകി അവരുടെ സ്വത്വത്തെ അംഗീകരിക്കുക പോലും ചെയ്തിരുന്നില്ല. ഒരു 'സ്വത്വനിർമ്മിതി' എന്ന നിലയിൽ ട്രാൻസ്ജെൻഡറുടെ സ്വത്വത്തെ നിർമ്മിച്ചെടുക്കാനുള്ള സമൂഹത്തിന്റെ ഇടപെടലുകളോ പങ്കുകളോ ഒന്നും തന്നെ കാര്യക്ഷമമായി ഉണ്ടായിട്ടില്ല. ഒറ്റപ്പെട്ട ജീവിതമാണ് ട്രാൻസ് സമൂഹം ജീവിക്കുന്നത് എന്നും വിജയരാജമല്ലിക തന്റെ ആത്മകഥയിലൂടെ സാക്ഷ്യപ്പെടുത്തുന്നു.

## 2.9. ആത്മസംഘർഷം

തന്റെ ഉള്ളിൽ പുരുഷ ഹോർമോണല്ല സ്ത്രീഹോർമോൺ ആണ് കൂടുതലുള്ളത് എന്നറിഞ്ഞിട്ടും,ആണിലേക്ക് കൊണ്ടുവരാൻ ചികിത്സ പലതും നടത്തിക്കൊണ്ടിരുന്ന വേളയിൽ സ്വന്തം വ്യക്തിത്വം പോലും തിരിച്ചറിയാൻ കഴിയാതെ സ്വയം ഒരു ഉന്മാദിനയായി മാറുമ്പോൾ സ്ത്രീയോ പുരുഷനോ എന്ന് പോലും തിരിച്ചറിയാത്ത അവസ്ഥ. ഈ വേളയിലും കൂടെ നിൽക്കാൻ ആരും തന്നെ ഉണ്ടായിരുന്നില്ല.എന്നാലും ഇന്നും സ്വപ്നങ്ങളിൽ മനുവല്ല മല്ലികയാണ് എന്ന് ഉറക്കെ നിലവിളിച്ച് സ്വയമേ തൃപ്തിയടയുന്ന എഴുത്തുകാരിയുടെ മനസ്സിന്റെ വിങ്ങൽ ഓരോ വരികളിലൂടെയും പ്രകടമാകുന്നു. ചികിത്സ ഘട്ടം ഘട്ടമായി നടക്കുമ്പോൾ ഹോർമോൺ എല്ലാം എടുത്ത് അനാരോഗ്യ ശരീരമായി മാറുകയും മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ സഹിക്കാൻ വയ്യാതെ പല ദിവസങ്ങളിലും വേദനകൊണ്ട് നിലവിളിച്ചതും ഇതിനോടൊപ്പം മറ്റുള്ളവരുടെ പരിഹാസങ്ങളും അവഗണനയും കൂടി സഹിക്കവയ്യാതെ കോളേജിന്റെ രണ്ടാം നിലയിൽ നിന്നും ആത്മഹത്യയ്ക്ക് ശ്രമിച്ചതുമെല്ലാം തന്റെ മനസ്സിനെയും ശരീരത്തെയും എപ്രകാരം ബാധിച്ചു എന്നും എഴുത്തുകാരി രേഖപ്പെടുത്തുന്നു. ‘‘എന്റെ ഉള്ളിലെ പെണ്ണിനെ പൂർണമായും ലോകത്തിന്റെ മുന്നിൽ പ്രദർശിപ്പിക്കാൻ കഴിയാത്തതിന്റെ വിഷാദം’’ (വിജയരാജമല്ലിക,35:2019). ചികിത്സയുടെ തീവ്രത കൂടുമ്പോൾ ശാരീരികമായും മാനസികമായും സ്ത്രൈണ ഭാവങ്ങൾ വരികയും സ്ത്രീയും പുരുഷനും മാറി മാറി ആധിപത്യം സ്ഥാപിക്കുമ്പോൾ മനസ്സിന് താളം തെറ്റി മാനസിക വിഭ്രാന്തിയിലേക്ക് പോവുകയും ചെയ്യുമ്പോൾ സ്വയമേവ മനസ്സിനെ നിയന്ത്രിക്കാൻ കഴിയാതെ പാടുപെട്ട ദിനങ്ങളെ ഒരു ചെറുപുഞ്ചിരിയോടെ ഓർത്തെടുക്കുന്നതും കാണാം.

പതിമൂന്നാമത്തെ വയസ് മുതൽ പതിനെട്ടാം വയസ്സുവരെ പെണ്ണായിത്തന്നെയാണ് ജീവിച്ചത് എന്ന് നാലാം അധ്യായത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മനു വെറും പേര് മാത്രമായിരുന്നുവെങ്കിലും കഴുത്തോളം എത്തിയ മനുവിനെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് പറയുന്നിടത്ത് ആത്മസംഘർഷം വെളിവാകുന്നു. മനുവിൽ നിന്നും മല്ലിക ആഗ്രഹിച്ചിരുന്ന മോചനമായിരുന്നു അന്തഃസംഘർഷമായി നിലകൊണ്ടിരുന്നത്. മല്ലിക മനുവിനോടും മനു മല്ലികയോടും സംസാരിക്കുകയും വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്തത് സ്വത്വത്തെ ഉൾക്കൊള്ളുന്നതിന്റെ ഘട്ടങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കാൻ മനസ്സ് പര്യാപ്തമായതിന്റെ ഉദാഹരണമായി

കണ്ടെത്താൻ സാധിക്കും. ''സംസാരിക്കാനും കൂടെ നടക്കാനും ആരും ഇല്ലാത്ത തുകൊണ്ടാകാം എന്നോടുതന്നെ ഞാൻ സംസാരിക്കുമായിരുന്നു. മനു മല്ലികയോടും മല്ലിക മനുവിനോടും വായിച്ച നോവലുകളുടെയും പത്രക്കുറിപ്പുകളുടെയും വിശേഷ ങ്ങൾ പറയുമായിരുന്നു. എം സി എയിലെ ചേട്ടന്മാരെ കാണുമ്പോൾ ആകട്ടെ മനുവും മല്ലികയും ഒന്നായി''( വിജയരാജ മല്ലിക39:2019).യാഥാർത്ഥ്യത്തിൽ പെണ്ണായും ആണായും ജീവിച്ചുതീർക്കേണ്ടിവന്ന ഒരു വ്യക്തിയുടെ മാനസികസംഘർഷങ്ങളെ കുറിച്ച് ഈ ഭാഗങ്ങളിൽ വിവരിക്കുന്നുണ്ട്. അമിതമായ പുരുഷാരാധന എഴുത്തുകാരി യുടെ ഉള്ളിലെ സ്ത്രീയെ ഉന്മത്തയാക്കി മാറ്റിയിരുന്നു. പുരുഷന്റെ ഉടലിനുള്ളിൽ തളയ്ക്കപ്പെട്ടു പോയതിനാൽ മറ്റൊരു പുരുഷനെ തിരിച്ചറിയാതെ പോയതിന്റെ വീർപ്പ് മുട്ടലുകൾ കൊണ്ട് കാമം അതിശക്തമായ കൊടുങ്കാറ്റ് പോലെ ആഞ്ഞുവീശി എങ്കിലും ഉള്ളിലെ സ്ത്രീയെ പൂർണമായി തൃപ്തിപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല എന്നും അവർ പറയുന്നു. ചില സമയങ്ങളിൽ തന്റെ ഉള്ളിലെ സ്ത്രീ താത്കാലികമായി പരാജയപ്പെട്ടു പോകുന്നത്എഴുത്തുകാരി തിരിച്ചറിയുന്നുണ്ട്. ലൈംഗികശേഷിയെ ഇല്ലാതെയാക്കുക, കൊല്ലുക, തുടങ്ങി സ്വന്തം അഭിനിവേശങ്ങളെ സ്വയമേ തന്നെ ഇല്ലാതെയാക്കാൻ എഴുത്തുകാരി ശ്രമിക്കുന്നതിലൂടെ വെളിവാകുന്നത് സ്വത്വം/അപരം എന്ന ദ്വന്ദ്വാത്മകതയിൽ നിന്നും പുറത്ത് കടക്കാൻ സാധിക്കാതെ വരുന്ന മനുഷ്യമന സ്സിന്റെ ആവിഷ്കാരമാണ്.

തന്റെ സ്വത്വത്തെ പുറംലോകം അറിയണമെന്ന് തീരുമാനിക്കുകയും വിഗ് വെച്ച് സ്വയം സ്ത്രീ ആണെന്നും ഇനിമുതൽ മല്ലികയാണെന്നും പ്രഖ്യാപിച്ചപ്പോൾ കുടുംബവും സമൂഹവും തന്നെ അംഗീകരിക്കുകയോ മനസ്സിലാക്കുകയോ ചെയ്തില്ലാ യിരുന്നു എന്നും എഴുത്തുകാരി പറയുന്നു. ഏറെ നാളത്തെ കാത്തിരിപ്പുകൾക്കും യാതനകൾക്കും മറുപടിയായി തന്റെ ഉള്ളിലെ മല്ലികയെ പുറത്തുകൊണ്ടുവരികയും താനൊരു ട്രാൻസ്ജെൻഡർ ആണ് എന്ന് സ്വയമേ പ്രഖ്യാപിക്കുകയും ചെയ്തു. ഇതി ലൂടെതന്റെ സ്വത്വത്തെ സമൂഹത്തിന് മുമ്പിൽ അഭിമാനത്തോടെ തുറന്നു കാണിക്കുകയും ചെയ്യുന്നു. ''ഞാൻ മല്ലിക വിജയരാജമല്ലിക എന്ന ട്രാൻസ്ജെൻഡർ ഞാൻ ഉറപ്പിച്ചു''(വിജയരാജമല്ലിക ,65:2019).ട്രാൻസ്ജെൻഡർ ആണെന്ന് ഉറക്കെ പ്രഖ്യാ പിച്ചതിനുശേഷം മറ്റൊരു ട്രാൻസ്ജെൻഡർ സുഹൃത്തുമായി ബോംബെയിലേക്ക് പോയി അവിടെ ജീവിതത്തിന്റെ പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുവാനും കഴിഞ്ഞു. ജീവിതത്തിന്റെ ഒരു ഘട്ടം അവസാനിച്ചു. ആൺവേഷത്തിലെ ജീവിതം അവ

സാനിച്ചിരിക്കുന്നു ഇനി പെണ്ണായി ജീവിക്കാൻ  തീരുമാനിക്കും എന്ന് ചിന്തിച്ചിടത്ത് ജീവിതം മാറി മറിയുകയും ചെയ്യുന്നത് കാണാം.

## 2.10. ട്രാൻസ് ജീവിതാഖ്യാനം

ബോംബെ ജീവിതമാണ് എഴുത്തുകാരിയുടെ ജീവിതത്തിലെ രണ്ടാം ഘട്ടം. ബോംബെയിൽ പല ക്രിസ്ത്യൻ പള്ളിയുടെ യൂത്ത് വിങ്ങുകളിൽ ജെൻഡർ എന്ന വിഷയത്തിൽ ക്ലാസുകൾ എടുക്കാൻ വേദികൾ ലഭിച്ച എഴുത്തുകാരിക്ക് അവിടെ ട്രാൻസ് ജെൻഡർ വ്യക്തികളുടെ മാനസിക, ശാരീരിക ബുദ്ധിമുട്ടുകളെക്കുറിച്ച് മറ്റുള്ളവരോട് സംവദിക്കാൻ കഴിഞ്ഞിരുന്നു. ഒരു ട്രാൻസ് ജെൻഡർ വ്യക്തിയായതുകൊണ്ടുതന്നെ ലൈംഗിക തൊഴിലിൽ ഏർപ്പെടാൻ പലരുടെയും നിർബന്ധം ഉണ്ടായിരുന്നുവെങ്കിലും വ്യക്തമായ കാഴ്ചപ്പാടുകൾ കൊണ്ട് അത്തരം തൊഴിലുകളെ താല്പര്യത്തോടെ നോക്കിക്കാണാൻ ശ്രമിച്ചില്ല എന്നും തുറന്നു പറയുന്നു. ഒരിക്കൽ മുംബൈയിൽ വച്ച് എഴുത്തുകാരി ആണും പെണ്ണും  കെട്ടത് എന്നുപറഞ്ഞ് മുഖത്ത് ചൂടുവെള്ളം ഒഴിച്ച സംഭവം വിവരിക്കുന്നത് വേദനയോടു കൂടിയാണ്. പിന്നീട് വിജയരാജമല്ലികയെ കുറിച്ച് മാധ്യമങ്ങളിൽ വരികയും ചെയ്തു. കേരളത്തിൽ ഒരു ഗോഡ് ഫാദർ ഇല്ലാതെ മുന്നോട്ടു പോകുവാൻ ബുദ്ധിമുട്ടാണ് എന്ന് എഴുത്തുകാരി പറയുന്നു.അതുകൊണ്ടു തന്നെ സ്വന്തം വ്യക്തിത്വത്തെ ഊട്ടിയുറപ്പിക്കാൻ അവർ ഏറെ പാടുപെട്ടിരുന്നു. "പലപ്പോഴും മറ്റു ട്രാൻസ്ജെൻഡർ വ്യക്തികളായ സുഹൃത്തുകളിൽനിന്നും എനിക്ക് എന്റെ പ്രശ്നങ്ങൾ വ്യത്യസ്തമായി തോന്നിയിട്ടുണ്ട്. പലപ്പോഴും മനു പുറംലോകം ഒളിഞ്ഞുനോക്കി കല്ലെറിഞ്ഞ മല്ലികയുമായി സംവദിക്കുമായിരുന്നു"(വിജയരാജമല്ലിക,158:2019). ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന മറ്റു പെൺകുട്ടികളുടെ മാലയും പൊട്ടും ചായവുമെല്ലാം ഉപയോഗിച്ചാണ് വിജയരാജമല്ലിക പെണ്ണായി ജീവിച്ചത്. ഒരു ട്രാൻസ്ജെൻഡറിനും ഭൂമിയിൽ ജീവിക്കാൻ അർഹതയുണ്ട് എന്നും അത് അഭിമാനത്തോടെ പറയുവാനുള്ള കരുത്തും എഴുത്തുകാരിക്ക് കൈവന്നു.

എറണാകുളത്ത് വെച്ചാണ് കൂടെ താമസിച്ചവർ തനിക്ക് ചുരിദാർ നൽകുകയും ചുരിദാർ ധരിപ്പിച്ച് പെണ്ണാക്കി മാറ്റിയതുമായ അനുഭവം ഉണ്ടായതെന്ന് എഴുത്തുകാരി പങ്കുവയ്ക്കുന്നു. ആൺകോട്ടയിലേക്ക് തിരിച്ചു ചെല്ലാൻ വീട്ടിലും നാട്ടിലും നിർബന്ധങ്ങൾ ഏറിയെങ്കിലും ഇനി അത്തരം വേഷം ധരിക്കില്ല എന്ന് തീരുമാനിക്കുകയും ഒരിക്കൽ ആൺകുപ്പായക്കാരൻ ആയിരുന്നു എന്ന് ഓർമ്മിക്കാൻ ഒരു ഷർട്ടും പാന്റും ഇന്നും എഴുത്തുകാരി സൂക്ഷിച്ചുവെക്കുന്നുണ്ട്. തന്റെ പൂർവ്വകാലത്തെമറന്നു

കൊണ്ടുള്ള ഇന്നിനെയല്ല ചേർത്തുപിടിച്ചു കൊണ്ടുള്ള സ്വത്വത്തിന്റെ വെളിപ്പെടലാണ് ഇത്തരം ആഖ്യാനത്തിലൂടെ വെളിവാകുന്നത്.

ഒരു ട്രാൻസ്ജെൻഡറായി ജീവിച്ചപ്പോൾ എഴുത്തുകാരി നേരിട്ട മാനസിക ശാരീരിക പ്രതിസന്ധികൾ ഏറെയാണ്. "ജാതി ,ലിംഗം, ലൈംഗികത , ദിശാബോധം, നിറം, നിലപാടുകൾ എന്നിവ ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിൽ അവഗണനകൾ പുഞ്ചിരിയോടെ തള്ളിക്കളയാറാണ് പതിവ്"(വിജയരാജമല്ലിക,103:2019). ലൈംഗികകാമനകളെ പോലും അടക്കിവെക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. അകമേ എന്താണ് സംഭവിക്കുന്നത് എന്ന് പോലും അറിയാതെ ജീവിതത്തിന്റെ യാഥാർത്ഥ്യത്തിന് മുന്നിൽ പകച്ചു പോയിരുന്ന എഴുത്തുകാരിയെ ആത്മകഥയിൽ കാണാം. തന്റെ ട്രാൻസ്ജെൻഡർ സുഹൃത്തുക്കളാണ് ആദ്യമായി കമ്മലിട്ട് തന്നതെന്ന് ഓർത്തെടുക്കുന്ന എഴുത്തുകാരി ആൺകുപ്പായത്തിൽ നിന്നും പെണ്ണിലേക്കുള്ള മാറ്റത്തെ ആഘോഷിക്കുന്നതായി കാണാം.

ശസ്ത്രക്രിയ കഴിയും മുമ്പ്തന്നെ വിവാഹം കഴിക്കണമെന്നും പ്രണയത്തിൽ ഏർപ്പെടണമെന്നും കലശലായി ആഗ്രഹിച്ചിരുന്നു.എന്നാൽ അവരെ സമീപിക്കുന്നവരെല്ലാം ലൈംഗികസുഖത്തിനു വേണ്ടി മാത്രമായിരുന്നു മുന്നോട്ട് വന്നിരുന്നത്. ലൈംഗികസുഖം അറിയണമെന്നും തന്റെ പ്രണയത്തെ പൂർത്തിയാക്കാൻ ഒരു പുരുഷൻ വേണമെന്നും എഴുത്തുകാരി ആഗ്രഹിച്ചു. എന്നിരുന്നാലും തന്റെ ഉള്ളിലെ വസന്തസേനനെ കണ്ടെത്താൻ എഴുത്തുകാരിക്ക് കഴിഞ്ഞിരുന്നില്ല. പലപ്പോഴും മാനസികമായി ബുദ്ധിമുട്ടുകൾ അനുഭവിക്കുമ്പോൾ ഭക്ഷണം പോലും കഴിക്കാൻ പറ്റാതെ തളർന്നുപോയ നിമിഷങ്ങളിലും സ്വന്തം അഭിനിവേശങ്ങളെ അടക്കാനായി പല മാർഗ്ഗങ്ങളും സ്വീകരിച്ചിരുന്നു.എങ്കിലും അവ വീണ്ടും വീണ്ടും പുറത്തേക്ക് വരുമായിരുന്നു. അവയെ നിയന്ത്രിക്കാൻ തന്റെ ഉള്ളിലെ സ്ത്രീക്ക് കഴിഞ്ഞിരുന്നില്ല എന്ന് എഴുത്തുകാരിപറയുമ്പോൾ അവർ അനുഭവിച്ച ആത്മസംഘർഷങ്ങളെയാണ് അടയാളപ്പെടുത്തുന്നത്.

ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യില്ല എന്ന തീരുമാനം എഴുത്തുകാരി എടുത്തിരുന്നുവെങ്കിലും പിന്നീടങ്ങോട്ടുള്ള ശാരീരിക മാനസിക അസ്വസ്ഥതകളെ തൃപ്തിപ്പെടുത്തുവാൻ ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണെന്ന് അവർ മനസ്സിലാക്കി. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് അമ്മ എതിരായിരുന്നു. കൂടെ നിൽക്കാനും മനസ്സിലാക്കുവാനും

ആരും ഉണ്ടായിരുന്നില്ല എങ്കിലും  നേരിട്ട പ്രശ്നങ്ങളെ തരണം ചെയ്തു ജീവിക്കാൻ പര്യാപ്തമായി  എന്ന് 'രാജമല്ലിക'എന്ന അധ്യായത്തിൽ സൂചിപ്പിക്കുന്നു.

കൂടെ നിൽക്കാൻ ആരുമില്ലാഞ്ഞിട്ടും എതിർപ്പുകളെ അവഗണിച്ച് ജീവിതത്തിലെ നിർണായക ഘട്ടമായ ശസ്ത്രക്രിയയിലേക്ക് കടന്നു. മുപ്പത്തിരണ്ട് വർഷങ്ങൾ സഹിച്ച വേദനയിൽ ഓപ്പറേഷന്റെ വേദന എഴുത്തുകാരി അറിഞ്ഞതേയില്ല എന്ന് വെളിവാക്കുമ്പോൾ ശാരീരിക വേദനയെക്കാൾ വലുതാണ് മാനസിക വേദന എന്നതാണ്. ആശുപത്രിയിൽ കിടക്കുമ്പോഴും  സഹായത്തിനായി ബന്ധുമിത്രാദികൾ  ആരുമില്ലാതിരുന്നിട്ടും ശസ്ത്രക്രിയയ്ക്ക് ശേഷം സ്വന്തം വീട്ടിൽ തന്നെ താമസിക്കാൻ തീരുമാനിക്കുകയും ചെയ്ത അവസ്ഥയെ ഓർത്തെടുക്കുന്നു. പെണ്ണായ സന്തോഷം അച്ഛനോട് അറിയിച്ചപ്പോൾ ഒരു ചെറുപുഞ്ചിരിയാണ് സമ്മാനിച്ചതെന്നും ആ ചിരി തനിക്ക് അത്രയധികം സന്തോഷം ഉണ്ടാക്കി എന്ന് പറയുന്നതിലൂടെ 'ക്വീർ' സമൂഹത്തെ അംഗീകരിക്കുന്ന സമൂഹത്തിന്റെ പ്രതിനിധിയായി 'അച്ഛനെ' അടയാളപ്പെടുത്തുന്നു.

ട്രാൻസ്ജെൻഡർ എന്നത് ആൺപെൺ അടയാളങ്ങളിലൂടെ സ്ഥാപിച്ചിടേണ്ടുന്ന ഒന്നാണ് എന്ന ധാരണ സമൂഹത്തിലുണ്ട്. അതുകൊണ്ടാണ് മീശ വടിച്ചും വിഗ്ഗുവച്ചുമുള്ള ഫോട്ടോ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചും സ്വയം ഒരു പെണ്ണാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യേണ്ടി വന്നത്. പെണ്ണായി മാറിയത് നാണക്കേടായിരുന്നു എന്നും ആണായി ജനിച്ച് ആണായി ജീവിക്കാത്തതിന്റെ സങ്കടം എഴുത്തുകാരിയുടെ അമ്മ പ്രകടിപ്പിച്ചിരുന്നു എന്നും  മക്കളെ മനസ്സിലാക്കാൻ മാതാപിതാക്കൾക്ക് കഴിയാതെ പോകുന്നത് എത്ര ദു:ഖകരമാണ് എന്നും എഴുത്തുകാരി വേദനയോടെ ഓർക്കുന്നു. ലിംഗമാറ്റത്തിനുശേഷം തന്റെ ഉടലിനും മനസ്സിനും ഒരുതരം ധൈര്യമായിരുന്നു ഉണ്ടായിരുന്നത് എന്ന് വെളിവാക്കുന്നിടത്ത് ആഗ്രഹിച്ച സ്വത്വത്തിനകത്ത് ജീവിക്കാൻ തുടങ്ങുന്നു എന്ന സന്തോഷം വെളിവാക്കുന്നുണ്ട്. എന്തിനെയും നേരിടാനുള്ള കരുത്ത് ലഭിച്ചതുപോലെയാണ് പിന്നീടങ്ങോട്ടുള്ള അവരുടെ ജീവിതം."ഒന്ന് നോക്കൂ ആദ്യം 'ഗേ', പിന്നെ 'ട്രാൻസ്ജെൻഡർ', പിന്നെ 'ഇന്റർ സെക്സ്" എന്ന തിരിച്ചറിവ്. ഇത്രയും എഴുതുമ്പോൾ ഉള്ളിലിരുന്ന് ആരോ പറയുന്നു. 'മതി പെണ്ണേ'.എന്നാൽ എനിക്ക് ജീവിക്കണം അവസാന ശ്വാസം വരെയും.പിടഞ്ഞ് പിടഞ്ഞ് വേണം മരിക്കാൻ" (വിജയരാജമല്ലിക,74:2019).

മാനസികമായും ശാരീരികമായും താൻ ആനന്ദിച്ചിരുന്നു എന്ന് പറയുമ്പോൾ ഒരു സ്ത്രീയായതിൽ ആനന്ദവും അഭിമാനവും അവർ അനുഭവിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. ‘‘പിറന്നത് എക്സ് എക്സ് വൈ ക്രോമസോമോടുകൂടി ആയതുകൊണ്ട് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം സ്വിച്ച് ഇട്ടത്പോലെ ആയിരുന്നു സ്ത്രൈണ വളർച്ച. രോമം കൊഴിയുക, മീശയുടെ വളർച്ച കുറയുക,കുറ്റിത്താടി കുറയുക, മാത്രമല്ല നെഞ്ചിൽ രണ്ട് കള്ളികൾ കൊഴുക്കുന്നുണ്ടായിരുന്നു’’(വിജയരാജമല്ലിക,85:2019). ഇങ്ങനെയാണ് ആണിൽ നിന്നും പെണ്ണിലേക്കുള്ള മാറ്റങ്ങൾ എഴുത്തുകാരിനോക്കി കണ്ടത്. ഇനിയാണ് ബാല്യവും കൗമാരവും യൗവനവും എന്നും അതിലാണ് ജീവിക്കേണ്ടത് എന്ന് എഴുത്തുകാരി ആഗ്രഹിക്കുന്നു. ഇന്നു കാണുന്ന ഈ ധൈര്യം എല്ലാം തന്റെ ജീവിതാനുഭവങ്ങളിലൂടെ നേടിയെടുത്തതാണ് എന്ന് അഭിമാനത്തോടെ പറയുമ്പോഴും അവർ അനുഭവിച്ച വേദനയുടെയും യാതനയുടെയും നിലവിളി കൂടി എഴുത്തിൽ കലർന്നിട്ടുണ്ട്. ‘‘എനിക്ക് സ്വാതന്ത്ര്യം എന്നത് എന്റെ സ്വത്വത്തിൽ ജീവിക്കുക എന്നതാണ് ആ സ്വത്വം മറ്റൊരാളുടെ വ്യക്തി ജീവിതത്തെയോ സമൂഹത്തിന്റെ വ്യവഹാരങ്ങളെയോ വിള്ളൽ ഏൽപ്പിക്കാത്തതുവരെ അവയെ ആസ്വദിക്കാൻ തന്നെയായിരുന്നു തീരുമാനിച്ചിരുന്നത്’’( വിജയരാജമല്ലിക,90:2019).

## 2.11. ഔദ്യോഗിക ജീവിതം

ട്രാൻസ്ജെൻഡർ സ്വത്വത്തിൽ ജീവിക്കാൻ തുടങ്ങിയ കാലത്ത് പല മാറ്റങ്ങളും ജീവിതത്തിൽ സംഭവിച്ചു. ഒരു കവിയായി അറിയപ്പെട്ടതിനുശേഷം പല അംഗീകാരങ്ങളും ലഭിച്ചു എങ്കിലും ചില വേദികളിൽ സംസാരിക്കാൻ പോകുമ്പോൾ കൃത്യമായി പണം നൽകുകയോ വേണ്ടത്ര ബഹുമതി ലഭിക്കുകയോ ചെയ്തിരുന്നില്ല. നിരവധി വേദികളിലും പൊതു ഇടങ്ങളിലും ആരാണ് വിജയരാജമല്ലികയുടെ റോൾ മോഡൽ എന്ന ചോദ്യത്തിന് മറുപടിയായി ‘‘എനിക്ക് ഞാൻ തന്നെയാണ് എന്റെ റോൾ മോഡൽ. സ്വന്തം വഴികൾ സ്വയം വെട്ടിക്കണ്ടെത്തുക അതിലൂടെ നടക്കുക, വെളിച്ചം കണ്ടെത്തുക, പ്രതിരോധിക്കേണ്ട സമയത്ത് ധൈര്യമായി ചെറുത്തുനിൽക്കുക.അതൊക്കെ ഒരു ലഹരിയാണ്’’(വിജയരാജമല്ലിക,120:2019).ഇവിടെ വെളിപ്പെടുന്നത് ‘ക്വീർ ’ ആണെന്ന് സമൂഹത്തോട് വിളിച്ചു പറയാൻ കാണിക്കുന്ന ചങ്കൂറ്റമാണ്. വ്യക്തമായ ലക്ഷ്യത്തോടെയുള്ള അവരുടെ ജീവിതവും ജീവിതാനുഭവങ്ങളുമാണ് ഇത്തരം ഉറച്ചുപറയലുകളിലേക്ക് അവരെ നയിച്ചത്. അംഗീകരിക്കുന്ന ഒരു

സമൂഹം ചുറ്റുമുള്ളപ്പോൾ വന്ന വഴികളിലെ കരുത്ത് സ്വത്വത്തെ വെളിപ്പെടുത്തുവാനും അഭിമാനത്തോടെ പറയുവാനും അവരെ പര്യാപ്തയാക്കി.

കവി, സാഹിത്യകാരി എന്നീ നിലകളിൽ ധാരാളം പുസ്തക ചർച്ചകൾക്കൊക്കെ പോകാറുണ്ടായിരുന്നപ്പോൾ ജെൻഡർ എന്ന വിഷയത്തെക്കുറിച്ച് സമൂഹത്തിന്റെ തെറ്റായ ധാരണകളെ മുഴുവനായി മാറ്റിമറിക്കാൻ കഴിഞ്ഞില്ല എങ്കിലും താൻ ഉൾപ്പെടെയുള്ള ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ലിംഗനീതി എപ്രകാരമാണ് ഒരു സമൂഹത്തിൽ നടപ്പാക്കേണ്ടത് എന്നതിനെപ്പറ്റിയും സംസാരിക്കാൻ എഴുത്തുകാരി ശ്രമിച്ചിരുന്നു. "എഴുതപ്പെടാത്ത ക്യാൻവാസിൽ എല്ലാം ഞങ്ങൾ വർണ്ണച്ചിത്രങ്ങൾ വരച്ചു തുടങ്ങി; കൈയൊപ്പോടെ ഞങ്ങളെ ഉൾക്കൊള്ളാതെ ഇനി ഈ മണ്ണിൽ ലിംഗനീതി ഉറപ്പാക്കാൻ ആകില്ല എന്ന് സമൂഹം തിരിച്ചറിഞ്ഞു തുടങ്ങി. ഞാൻ ഞാനായിത്തന്നെ ജീവിക്കാൻ ആഗ്രഹിക്കുന്നു. ഇത് എന്റെ സ്വത്വമാണ്"(വിജയരാജമല്ലിക,114:2019). ചില കാര്യങ്ങൾ പറയേണ്ട, എഴുതേണ്ട എന്നോർത്താലും സമൂഹത്തിന്റെ  തെറ്റിദ്ധാരണകൾക്കു മുമ്പിൽ നിയന്ത്രണം വിട്ടു പോകുന്ന എഴുത്തുകാരിയെ കൂടി ആത്മകഥയിൽ കാണാം.ആത്മകഥകൾ പലതും ആത്മനൊമ്പരങ്ങളുടെ പ്രകടനഭാവങ്ങളാണ്. കണ്ണീരിന്റെ നനവും ഉപ്പും ചുവയ്ക്കുന്ന ആത്മകഥകൾ പലപ്പോഴും വായനക്കാരുടെ ഉള്ളിൽ സമൂഹത്തിന്റെ പരുക്കൻ സ്വഭാവത്തോടും ചിന്തകളോടും ആചാരങ്ങളോടും ഒക്കെ കലഹിക്കാനും പ്രതികരിക്കാനും പ്രതിരോധിക്കാനുള്ള ഒരു വികാരം ജനിപ്പിക്കുന്നുണ്ട്.

# ഉപസംഹാരം

## ഉപസംഹാരം

ഭൂതകാലത്തിൽ നിന്നും ആരംഭിച്ച് വർത്തമാനകാലത്തിലൂടെ പൂർണ്ണതയിലേക്കുള്ള ഒരു പ്രയാണമായാണ് വിജയരാജമല്ലിയുടെ ആത്മകഥ ആഖ്യാനം ചെയ്തിരിക്കുന്നത്. സംഭവാഖ്യാനപരവും കുമ്പസാരപരവുമായ ആന്തരികഭാവമാണ് മല്ലികാവസന്തത്തിനുള്ളത്.സാമുദായിക സ്വത്വം കേന്ദ്രപ്രമേയമാക്കിയ ആത്മകഥാഖ്യാനമാണ് വിജയരാജമല്ലികയുടെ മല്ലികാവസന്തം. വൈകാരികാംശത്തിന് പ്രാധാന്യം കൊടുക്കുന്ന ആത്മകഥാരചനാരീതിയാണ് ഇതിൽ അവലംബമാക്കിയിരിക്കുന്നത്. നേരിട്ട പീഡനങ്ങളും അടിച്ചമർത്തലുകളും മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും സ്വന്തം നേട്ടത്തിലുള്ള അഭിമാനം മറ്റുള്ളവരെ അറിയിക്കാൻ തക്കതായ ഉദ്ദേശശുദ്ധിയും എഴുത്തിനു പിന്നിലുണ്ട്. ജീവിതത്തെ മൊത്തത്തിൽ വിലയിരുത്തുവാൻ ആത്മകഥാരചനയിലൂടെ വിജയരാജമല്ലികയ്ക്ക് സാധിച്ചിട്ടുണ്ട്.

സ്വത്വത്തെ ശക്തമായ ഭാഷയിൽ പൊതുസമൂഹത്തിന് മുന്നിൽ തുറന്ന് അവതരിപ്പിക്കുവാൻ ആത്മകഥാഖ്യാനത്തിലൂടെ സാധിച്ചു. അതിനുള്ള ഉപാധിയായി ട്രാൻസ്ജെൻഡർ സാഹിത്യം മാറുന്നുണ്ട്.ട്രാൻസ് ഗവേഷണത്തിന്റെ കാലിക പ്രസക്തിയെക്കുറിച്ച് വ്യക്തമാക്കുകയും ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട അന്വേഷണങ്ങളും നിരീക്ഷണങ്ങളുമാണ് പ്രബന്ധത്തിലൂടെ അവതരിപ്പിക്കുന്നത്.കല എങ്ങനെയാണ് സാമൂഹിക പ്രവർത്തനത്തിനും സ്വത്വപ്രകാശനത്തിനുമുള്ള ഒരു വേദിയായി മാറ്റാൻ കഴിയുക എന്നുള്ളത് വിജയരാജമല്ലികയുടെ ജീവിതാഖ്യാനത്തിൽ നിന്നും തിരിച്ചറിയാൻ സാധിക്കുന്നുണ്ട്. തന്റെ കലയിലൂടെ നിലവിലിരിക്കുന്ന ലിംഗ വ്യവസ്ഥകളെയും പ്രതിനിധാനങ്ങളെയും ചോദ്യം ചെയ്യുകയും അവയെ വെല്ലുവിളിക്കുകയും ചെയ്യാൻ എഴുത്തുകാരിക്ക് സാധിച്ചത് അംഗീകരിക്കുന്ന ഒരു സമൂഹം ചുറ്റിനും ഉള്ളതുകൊണ്ടാണ്.

വർഗ്ഗം, വർണ്ണം, ഭാഷ, ദേശം എന്നിവ കൊണ്ട് പാർശ്വവത്കരിക്കപ്പെട്ട ട്രാൻസ് ജീവിതത്തെയാണ് ആത്മകഥയിൽ ആവിഷ്കരിക്കുന്നത്. ഭാഷ കൊണ്ട് മുറിവേറ്റവർ മിണ്ടുമ്പോൾ നിർവചനത്തിന് വഴങ്ങാതെ 'ക്വീർ' സാഹിത്യം ചരിത്രത്തിൽ മായ്ക്കപ്പെട്ടവയാകുന്നുയെന്ന തിരിച്ചറിവാണ് ആത്മകഥ മുന്നോട്ടുവയ്ക്കുന്നത്.

സമൂഹത്തിൽ സകലപ്രപഞ്ചത്തിനും അധികാരിയായി സ്ത്രീയും പുരുഷനും അടങ്ങുന്ന ഒരു ജീവിവർഗ്ഗം മാത്രമേയുള്ളൂ എന്നൊരു ചിന്ത മനുഷ്യർക്ക് ഇടയിലുണ്ട്. അതുകൊണ്ട് തന്നെയാണ് സമൂഹത്തിൽ ആണും പെണ്ണും കെട്ടമനുഷ്യർ എന്നൊരു വിഭാഗത്തെ വിലയിരുത്തുകയും അകറ്റി നിർത്തുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാവുന്നത്. ആൺകോയ്മ മാത്രം അംഗീകരിക്കപ്പെടുന്ന മതവും സമൂഹവും രണ്ടാം കിട പൗരത്വം മാത്രം നൽകുന്ന ഒരു ഇണവർഗ്ഗമാണ് സ്ത്രീ. അതിനപ്പുറം മൂന്നാം ലിംഗമെന്നും, ഭിന്നലിംഗമെന്നും, മിശ്രലിംഗമെന്നും, ശിഖണ്ഡി, ഒൻപത് എന്നിങ്ങനെ പല പേരുകളിൽ അപഹസിക്കുകയും അപമാനിക്കുകയും ചെയ്യപ്പെടുന്ന ഒരു വിഭാഗം മനുഷ്യരും കൂടി ഉൾപ്പെടുന്നതാണ് മനുഷ്യസമൂഹം എന്നത് പൂർണ്ണമായും അംഗീകരിക്കുവാൻ പരിഷ്കൃതലോകത്തിന് കഴിയുന്നില്ല.

വിജയരാജമല്ലിക തന്റെ ആത്മകഥയിൽ അതിജീവനത്തിന്റെ കഥയാണ് പറയുന്നത്. മനു എന്ന ചെറുപ്പക്കാരൻ ഒടുവിൽ വിജയരാജമല്ലികയാകുമ്പോൾ അവനിൽ നിന്നും പുറത്തുകടന്ന അവളുടെ ആത്മാവ് നേടിയ സ്വാതന്ത്ര്യമാണ് ആത്മകഥയിലൂടെ സാക്ഷ്യപ്പെടുത്തുന്നത്. നടന്നു കയറിയ വഴികളും ഇന്നത്തെ മല്ലികയിൽ ഉറപ്പിച്ച് നിർത്തുന്ന ഘടകങ്ങളും വ്യക്തമായി ആവിഷ്കരിക്കുവാൻ എഴുത്തുകാരിക്ക് കഴിഞ്ഞിട്ടുണ്ട്.

# ഗ്രന്ഥസൂചി

## ഗ്രന്ഥസൂചി


1. ഗീത പി, പ്രണയം ലൈംഗികത അധികാരം,കറന്റ് ബുക്സ്,തൃശ്ശൂർ,2006.

2. ജോസ് മാനുവൽ കെ( എഡി), സാഹിത്യ സിദ്ധാന്തങ്ങൾ പൗരസ്ത്യവും പാശ്ചാത്യ വും, ആത്മാ ബുക്ക്, കോഴിക്കോട്, 2022.

3. ജയകൃഷ്ണൻ എൻ(എഡി) , ഫെമിനിസം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, 2011.

4. പ്രശാന്ത്കുമാർ എൻ, സ്ത്രീ രചനാദർശനം: ഒരു അവലോകനം,നാഷണൽ ബുക്സ്,കോട്ടയം,1998.

5. മ്യൂസ്മേരി ജോർജ്, ഉടലധികാരം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2015.

6. വേണുഗോപാലൻ കെ എം(എഡി) , കേരളം ലൈംഗികത ലിംഗനീതി, സൈൻ ബുക്സ്, തിരുവനന്തപുരം,2006.

7. വിജയരാജമല്ലിക,മല്ലികാവസന്തം,ഗ്രീൻ ബുക്സ്, തിരുവനന്തപുരം, 2019.

8. ……,ദൈവത്തിന്റെ മകൾ, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2018.

9. ……, ആൺ നദി, മൈത്രി ബുക്സ്, തിരുവനന്തപുരം,2019.

10. **……,** ലിലിത്തിന് മരണമില്ല, ഐവറി ബുക്സ്, തൃശ്ശൂർ, 2021.

11. സെബാസ്റ്റ്യൻ വട്ടമറ്റം, ഭാഷയും ആധിപത്യവും, കറന്റ് ബുക്സ്,കോട്ടയം 2006.

12. ……, സിഗ്മണ്ട് ഫ്രോയിഡ്, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2015.


## English


1. Barry peter, lesbian/ gay criticism in P. Barry's beginning theory an introduction to literary and cultural theory, Manchester University Press,2002.

2. Beynon john, Masculinities and culture, open university press, 2002.

3. Genz Stephanie and Benjamin, A Barbon postfeminisum: cultural texts and theories,Edinburgh University press Ltd, Edinburgh, 2009.

4. Jagose, A Queer theory and introduction, New York University Press,1996.

5. Lejeune philippe, The Autobiographies Contract in Tibetan Totrov(ed) French Literary Theory, Today Cambridge University Press, Cambridge, 1982.

6. Parekh Bhikku Colonialism Tradition and Reform: An Analysis of Gandhian's Political Discourse, Saye Publications, New Delhi, 1989.

7. Tuner William B, A Genealogy of Queer theory, Temple university press, 2002.